

# A feather in the cap!

## അമേരിക്കൻ മലയാളികളുടെ അഭിമാനം!

## ജാലകം

പരസ്യകൊഴുപ്പില്ലാത്ത, ഉള്ളടക്കത്തിൽ കാപട്യമില്ലാത്ത, ഘനമുള്ള വിഷയങ്ങൾ ഉൾക്കൊ അമേരിക്കയിലെ ഏക മലയാള പ്രസിദ്ധീകരണം. വായിക്കുക, വരിക്കാരാവുക.

## jaalakam

For depth, detail and American Malayali insight, read Jaalakam. Explore the links between Kerala and American Malayali issues.

FOR MORE REASONED ANALYSIS, SUBSCRIBE TO JAALAKAM,
A BIMONTHLY MALAYALAM PUBLICATION WITH ENGLISH SUPPLEMENT.

**JAALAKAM SUBSCRIPTION FORM**

Please send Jaalakam for:

- ☐ One year (6 issues) $12
- ☐ Two years (12 issues) $22
- ☐ Ten years (60 issues) $100

Please draw remittance in favor of:
Adept Media, Inc.
PO Box: 6663
Seffner, FL 33583-6663

Name______________________________
Address______________________________
City________________State________Zip________
Telephone________________Email________________

**ജാലകം**

WITH EXCLUSIVE ENGLISH SUPPLEMENT
**January-February 2003 (Vol 6 No 1)**

മലയാളത്തേയും അക്ഷരങ്ങളേയും
സ്നേഹിക്കുന്ന മനസ്സുകൾക്ക്........
**www.jaalakam.com**

# ആറാം പിറന്നാൾ പതിപ്പ്

കേരളത്തേയും, പ്രത്യേകിച്ച് ഭാരതത്തേയും സംബന്ധിച്ച് പ്രധാന രണ്ടു മാസങ്ങളായിരുന്നു ജനുവരി ഫെബ്രുവരി മാസങ്ങൾ. ഭാരതത്തിന്റെ അഭിമാനമായി ഉയർന്ന കൽപ്പന ചൗളയുടെ മരണം എല്ലാ ഭാരതീയനും അഗാധമായ മുറിവാണ്. സാഹിത്യ പത്രപ്രവർത്തന രംഗത്തെ പ്രധാന അതികായന്മാരുടെ നിര്യാണവും വല്ലാത്ത തീരാനഷ്ടം തന്നെ. എൻ.പി. മുഹമ്മദും, അബു എബ്രാഹവും വാക്കുകളിലൂടെയും വരകളിലൂടെയും നുമുക്ക് കാണിച്ചുതന്ന ലോകം ഇനി വെറും ഓർമ്മ മാത്രമാവുകയാണ്. ഉൽകൃഷ്ട സൃഷ്ടികളും സൃഷ്ടാക്കളും ഏതു കാലത്തും പുണ്യമായി നില നിൽക്കും എന്ന് ഏടുത്തു പറയേണ്ടതില്ലല്ലോ.

ജാലകം പ്രസിദ്ധീകരണം തുടങ്ങിയിട്ട് അഞ്ചു വർഷം പൂർത്തി യായിരിക്കുന്നു. ജാലകത്തിന്റെ ആറാം പിറന്നാൾപതിപ്പിൽ അനേകം ലേഖനങ്ങളും റിപ്പോർട്ടുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലോകം ഉൾക്കൊള്ളാൻ ശ്രമിക്കുന്ന ഒരു പ്രധാന ശാസ്ത്ര വിഷയമാണ് മനുഷ്യപ്പകർപ്പുകളുടെ നിർമ്മാണം. കേരളത്തിൽ അതിനേക്കുറിച്ചുള്ള പ്രതികരണം അജിത് ഗോപാൽ തന്റെ റിപ്പോർട്ടിലൂടെ കാണിച്ചുതരുന്നു. കേരളത്തിലെ മററൊരു പ്രധാന സംഭവമായിരുന്നു. ജിം. അമേരിക്കൻ മലയാളികളെ കാണാൻ കഴിയാതിരുന്ന ജിമ്മിനേപ്പററി ഹരികൃഷ്ണൻ വിവരിക്കുന്നു. കേരളത്തിൽ നടമാടുന്ന കപടതയേപ്പററിയാണ് കപടകേരളത്തിൽ ഐ ഗോപിനാഥ് പറയുന്നത്. ആധുനിക കേരളത്തെ തന്റെ മനക്കണ്ണിലൂടെ പി എം മാത്യൂ അപഗ്രഥിക്കുന്നത് പി ബിജുകുമാർ വിവരിക്കുന്നു. അതുപോലെ മററനേകം ലേഖനങ്ങളും.

വായനക്കാരും അഭ്യുദയകാംക്ഷികളും ജാലകത്തോട് കാണിക്കുന്ന സഹകരണത്തിനു നന്ദി. ഇനിയും അത് തുടർന്നുണ്ടാകുമെന്നുള്ള പ്രതീ ക്ഷയോടെ ജാലകത്തിന്റെ ആറാം പിറന്നാൾ പതിപ്പ് നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

ജാലകം പ്രവർത്തകർ

Jaalakam is published bimonthly by Adept Media Inc. All rights reserved. Reproduction in any form is prohibited. Subscription $12 per year (6 issues). Please draw remittance in favor of Adept Media Inc. Call for advertising information. The publishers of Jaalakam assume no responsibility for statements made by their advertisers, nor do they assume responsibility for statements / opinions expressed or implied in the columns of this publication.
POST MASTER — Send address changes to: PO Box 6663, Seffner, FL 33583. **Editor George Mukalel Editorial Consultant** Joyan Kumarakom **Editorial Board** Abraham Theckemury, KC Jayan, K Mohanachandran, Dr MP Ravindra Nathan, Dr Susheela Ravindra Nathan, Dr V Balakrishnan, Adv. Monachan Muthalali **Typography** Sindhu Antony **Photoshop Consultant** Ashish Panakkal **Photo Editor** K Anil Kumar
**Jaalakam, PO Box 6663, Seffner, FL 33583. E-mail — jaalakam@aol.com Telephone / Fax — 813 6851713 www.jaalakam.com**

# കപടകേരളം

**സമകാലികകേരളത്തിന്റെ ഏതു മേഖല എടുത്താണു പ്രബുദ്ധമെന്ന അവകാശവാദം ഉന്നയിക്കാൻ നമുക്കു കഴിയുക? സമീപകാല ഇന്ത്യയുടെ ചരിത്രത്തിൽ എടുത്തുപറയാവുന്ന എന്തെങ്കിലും സംഭാവന ചെയ്യാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ടോ?**

**ഐ. ഗോപിനാഥ്**

'കപടകേരളം' എന്ന തലക്കെട്ടു സ്വാഭാവികമായും പലരേയും പ്രകോപിപ്പിക്കും. കേരളം പ്രബുദ്ധവും സാക്ഷരവുമാണെന്നു നാഴികയ്ക്കു നാല്പതുവട്ടം ആണയിട്ടു പറഞ്ഞ് ഏതോ സുഖാനുഭൂതിയിൽ രമിക്കുന്നവരാണല്ലോ നാം ബഹുഭൂരിപക്ഷവും. പ്രത്യേകിച്ചു സമൂഹത്തിന്റെ ക്രീം എന്നു വിശ്വസിക്കപ്പെടുന്ന എഴുത്തുകാരും നാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരും. എന്നാൽ ഈ പറയുന്നതിൽ എന്തു യാഥാർത്ഥ്യമാണുള്ളത്? സത്യസന്ധമായ ഒരു പരിശോധന ഈ അവകാശവാദം എന്തുമാത്രം പൊള്ളയാണെന്നു നമ്മെ ബോദ്ധ്യപ്പെടുത്തും.

സമകാലികകേരളത്തിന്റെ ഏതു മേഖലയെടുത്താണു പ്രബുദ്ധമെന്ന അവകാശവാദം ഉന്നയിക്കാൻ നമുക്കു കഴിയുക? സമീപകാല ഇന്ത്യയുടെ ചരിത്രത്തിൽ എടുത്തുപറയാവുന്ന എന്തെങ്കിലും സംഭാവന ചെയ്യാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ടോ? ശ്രദ്ധിക്കപ്പെടുന്ന എന്തെങ്കിലും മുന്നേറ്റമോ അഖിലേന്ത്യാ അടിസ്ഥാനത്തിൽ എടുത്തുപറയാവുന്ന ഒരു രാഷ്ട്രീയനേതാവോ നമുക്കുണ്ടോ? നാം ധരിച്ചുവെച്ചിരിക്കുന്ന അവകാശവാദങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞുവീഴുന്ന അനുഭവമാണു കാണുന്നത്. എന്നാൽ അത് അംഗീകരിക്കാൻ നമ്മുടെ കാപട്യവും ഭീകരമായ ചില അന്ധവിശ്വാസങ്ങളും മൂലം നമുക്കു കഴിയുന്നില്ല എന്നതാണു വസ്തുത.

സമീപകാലത്ത് നമ്മുടെ ചാനലുകളിലും ആനുകാലികങ്ങളിലുമെല്ലാം നിറഞ്ഞുനില്ക്കുന്ന ചില വിഷയങ്ങളുമായി ബന്ധപ്പെട്ട ശരാശരിയും അതിനേക്കാൾ ഉയർന്നതുമായ മലയാളികളുടെ നിലപാടുകൾ പരിശോധിച്ചാൽ നമുക്കിതു ബോധ്യപ്പെടും. ആഴത്തിലിറങ്ങി ഒരു വിഷയത്തെ വിശകലനം ചെയ്തു സത്യസന്ധമായ നിലപാടെടുക്കാൻ അന്ധമായ കക്ഷിരാഷ്ട്രീയതാല്പര്യങ്ങളും മറ്റു മൂഢവിശ്വാസങ്ങളും മൂലം നമുക്കു കഴിയുന്നില്ല എന്നതാണു യാഥാർത്ഥ്യം. ഇപ്പോൾ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന 'ആഗോളവൽക്കരണം' തന്നെയെടുക്കുക. നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും നമുക്കൊരു കാരണം ലഭിച്ചിരിക്കുന്നു. എന്നും നാം ഇങ്ങനെയായിരുന്നു. ആത്മാഭിമാനമില്ലാത്ത ഒരു ജനതയുടെ ലക്ഷണമാണത്. എന്തുകൊണ്ട് ആഗോളവൽക്കരണത്തെ ചങ്കൂറ്റത്തോടെ അഭിമുഖീകരിക്കാൻ കഴിയാതെ നാം ഒളിച്ചോടുന്നു? ദേശീയബോധമുള്ള ഒരു ജനതക്കേ അതിനു കഴിയൂ എന്നതുതന്നെ കാരണം. അത്തരമൊരു രാഷ്ട്രീയ-സാംസ്കാരികനേതൃത്വം നമുക്കില്ല.

ആഗോളവൽക്കരണത്തിനെതിരായ ഏകപക്ഷീയമായ മുറവിളി കേൾക്കുമ്പോൾ തോന്നുക ഇപ്പോൾ ഇവിടെ എല്ലാം ഭദ്രമാണ്, ഭദ്രമായിരുന്നു എന്നാണ്. കേരളത്തിന്റെ ഏതു മേഖലയാണ് അഭിമാനിക്കാവുന്നതായി നമുക്കുള്ളത്? ഇന്ത്യയ്ക്കകത്തുതന്നെ ഒരു കോളനിയായിമാറിക്കഴിഞ്ഞിട്ടുള്ള നമ്മെ സംബന്ധിച്ചിടത്തോളം ന്യൂഡൽഹി ഭരിച്ചാലും ന്യൂയോർക്കു ഭരിച്ചാലും എന്തു വ്യത്യാസമാണുള്ളത്? ആഗോളകുത്തക വന്നാലും അഖിലേന്ത്യാ കുത്തക വന്നാലും നമുക്ക് ഒരുപോലെയല്ലേ? ആഗോളവൽക്കരണവും ഭാരതവൽക്കരണവും ഗുണപരമായി എന്തെങ്കിലും അന്തരമുണ്ടോ? കേരളം മലയാളിയുടെ മാതൃഭൂമി എന്നു പണ്ട് ഇ.എം.എസ്. പറഞ്ഞു. അദ്ദേഹംതന്നെ പിന്നീട് ആ നിലപാടു കൈയൊഴിഞ്ഞു. എന്നാൽ ആ നിലപാട് കൂടതൽ ശക്തമായി ഉയർത്തിപ്പിടിച്ചുകൊണ്ടുമാത്രമെ ആഗോളവൽക്കരണരാഷ്ട്രീയത്തിൽ ഇടപെടാൻ നമുക്കു കഴിയൂ. ദേശീയതയും സാർവദേശീയതയും തമ്മിൽ വൈരുദ്ധ്യാധിഷ്ഠിതബന്ധമാണുള്ളത്. എല്ലാ മേഖലയിലും നടക്കുന്ന ആഗോളവൽക്കരണപ്രക്രിയ സാമ്പത്തികമേഖലയിലും നടക്കുമെന്നു തിരിച്ചറിയാനും അതിൽ ഗുണപരമായി ഇടപെടാനുമുള്ള രാഷ്ട്രീയപ്രബുദ്ധത നമുക്കില്ല എന്നതാണു സത്യം.

ഏതു വിഷയമെടുത്താലും മലയാളിയുടെ ഈ കാപട്യം നമുക്കു കാണാം. കമ്മ്യൂണിസത്തിന്റെ തകർച്ചയുമായി ബന്ധപ്പെട്ടു പ്രശ്നങ്ങൾ നോക്കുക. കമ്യൂണിസം പ്രതിസന്ധി നേരിടുന്നു എന്ന് അംഗീകരിക്കാൻ പോലും ഭൂരിഭാഗവും ഇനിയും തയ്യാറല്ല. കമ്മ്യൂണിസത്തിന്റെ പേരിൽ ഇവിടെ അടക്കിഭരിക്കുന്നതോ സാക്ഷാൽ സ്റ്റാലിനിസവും. ഈ മണ്ണിന്റെ യഥാർത്ഥ അവകാശികളായ ആദിവാസി സമരത്തെ സെക്രട്ടേറിയറ്റ് പടി 'തൂറിവൃത്തികേടാക്കി' എന്നടച്ചാക്ഷേപിച്ച ഒരു നേതാവിന്റെ നേതൃത്വത്തിലാണ് കമ്മ്യൂണിസം ഇവിടെ ഇപ്പോഴും ബാക്കിനില്ക്കുന്നത് എന്നാതാണു വൈരുദ്ധ്യം. തികച്ചും ജനവിരുദ്ധവും അഴിമതിയുടെ കൂത്തരങ്ങുമായിമാറിയ പൊതുമേഖലയുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ അവ 'സോഷ്യലിസ'മാണെന്ന അന്ധവിശ്വാസത്തിൽ നാം തയ്യാറല്ല. സ്വന്തം കുഞ്ഞുങ്ങളെ അൺ എയ്ഡഡ് സ്കൂളിൽ ചേർത്ത് സർക്കാർ സ്കൂളുകൾ നിലനിർത്തണമെന്നു വാദിക്കുന്ന സർക്കാർ ജീവനക്കാരും അധ്യാപകരും (അൺ എയ്ഡഡ് സ്കൂളിലെ അധ്യാപകരുടെ ശമ്പളം 2000 രൂപയാണെന്നത് അവിടെ നില്ക്കട്ടെ. അവിടെ വർഗബോധമൊന്നും ആർക്കും ജ്വലിക്കാറില്ല) തനിക്കിനിയും ജീവിക്കണമെന്നു പറഞ്ഞു സ്വകാര്യ ആശുപത്രിയെ അഭയം പ്രാപിക്കുന്ന സാക്ഷാൽ പ്രതിപക്ഷനേതാവുമൊക്കെ സത്യത്തിൽ വിളിച്ചുപറയുന്നത് എന്താണ്? എന്നാൽ അവ തുറന്നു പറഞ്ഞ് ഒരു ആത്മപരിശോധന നടത്താൻ കാപട്യവും അന്ധവിശ്വാസവും നമ്മെ അനുവദിക്കുന്നില്ല എന്നുമാത്രം. കേരളം സംഘടിതമാണെന്ന അവകാശവാദമോ? പീടികതൊഴിലാളികൾ, സെയിൽസ്ഗേൾസ്, പാരലൽകോളേജ്-അൺ എയ്ഡഡ് അധ്യാപകർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവരുടെയൊക്കെ അവസ്ഥ എന്താണ്? സ്വകാര്യ ഓഫീസുകളിൽ ടെലഫോൺ ഓപ്പറേറ്റർ, റിസപ്ഷനിസ്റ്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ക്ലാർക്ക്, അക്കൗണ്ടന്റ് തുടങ്ങിയവരുടേയോ? 100 ദിവസംപോലും തൊഴിലില്ലാത്ത കർഷക-നിർമാണതൊഴിലാളികളോ? ആത്മഹത്യകളിൽ അഭയം തേടുന്ന ചെറുകിട കർഷകർ, വ്യവസായികൾ, വ്യാപാരികൾ, കോൺട്രാക്ടർമാർ (നമുക്കിവർ ബൂർഷ്വാസികളാണല്ലോ) സ്വയം തൊഴിൽ കണ്ടെത്തിയവർ, ഓട്ടോറിക്ഷക്കാർ, മുക്കുവർ, പട്ടിണികിടന്നു മരിക്കുന്ന ആദിവാസികൾ ഇവരൊന്നും മലയാളികളല്ല എന്നുണ്ടോ? എത്രമാത്രം കപടമായ ഒരു ലോകത്തുനിന്നാണു നാം നമ്മുടെ അവകാശവാദങ്ങൾ ഉന്നയിക്കുന്നത് ! (സർക്കാർ ജീവനക്കാരുടെ സമരകാലത്ത് 'പ്രതിഷേധസൂചക'മായി അവർ കഞ്ഞിയും കപ്പയും കഴിക്കുകയുണ്ടായി. കേരളത്തിലെ മഹാഭൂരി

പക്ഷത്തിന്റെയും ഭക്ഷണമാണത് എന്നത് ഈ വിഭാഗങ്ങൾ അറിയുന്നതേയില്ല). അതേസമയം സംഘടിത വിഭാഗങ്ങൾ നമ്മുടെ വികസനത്തെ എത്രമാത്രം തുരങ്കംവെച്ചു എന്നതും തുറന്നുപറയാൻ നമുക്കു കഴിയില്ല. അപ്പോഴും നമ്മുടെ കുറെ മൂഢവിശ്വാസങ്ങൾ തകർന്നുവീഴുമെന്നതുതന്നെ കാരണം.

അടുത്തിടെ ഏറ്റവുമധികം ചർച്ചചെയ്യപ്പെടുന്ന 'വർഗീയത'യുടെ പ്രശ്നമെടുക്കുക. ഇന്ത്യയിൽ ഇന്നുവരെ നടന്ന 'വർഗീയലഹള'കളെല്ലാംതന്നെ വാസ്തവത്തിൽ ഒരു വിഭാഗം മറ്റൊരു വിഭാഗത്തിനെതിരെ നടത്തിയ കൂട്ടകൊലകളാണെന്നിരിക്കെ ആനന്ദിനെപ്പോലുള്ള ഉയർന്ന ബുദ്ധിജീവികൾപോലും ഇരകളെ വിമർശിക്കാനാണു കൂടുതൽ സമയം ചെലവഴിക്കുന്നത്. ഒരു കുറ്റവാളിയെന്നു കൃത്യമായി തെളിയിക്കപ്പെടാത്ത ഒരാൾ - മദനി- വർഷങ്ങളായി അന്യായമായി ജയിലിൽ കഴിയുമ്പോഴും പ്രതികരിക്കാത്തതാണു നമ്മുടെ മതേതരമനസ്സ്. ഗുജറാത്തിൽ ഇത്രയും ഭീകരമായ കൂട്ടക്കൊല നടന്നിട്ടും ഒരു പ്രകടനംപോലും നടത്താൻ കേരളത്തിലെ മുസ്ലീമുകൾ ഭയപ്പെടുന്നു. നമ്മുടെ മണ്ണിന് തികച്ചും അന്യമായ ഈ മതേതരത്വംകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാമെന്നു കരുതുന്നത് എത്രയോ മൗഢ്യമാണ്. ഇന്ത്യൻ സമൂഹം എന്നും മതാത്മകമായിരുന്നു എന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ നാം തയ്യാറല്ല. തീവ്രഹിന്ദുവാദികൾ ഏറ്റവും ഭയപ്പെട്ടത് സനാതനഹിന്ദുവാണെന്നു സ്വയം പ്രഖ്യാപിച്ച ഗാന്ധിയെയായിരുന്നല്ലോ. അത്രമാത്രം വൈവിധ്യമാർന്ന ഒരു സംസ്കാരത്തെ, സെമിറ്റിക് മതങ്ങളുടെ ചട്ടക്കൂട്ടിലൊതുക്കിയാണു നാം സിദ്ധാന്തങ്ങൾ രചിക്കുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ശില്പികളായ ഗാന്ധിയും നാരായണഗുരുവും മതേതരവാദികളായിരുന്നില്ലല്ലോ. തീവ്രഹിന്ദുവാദത്തെ നേരിടേണ്ടത് ആത്മാവില്ലാത്ത മതേതരത്വം കൊണ്ടല്ല. അദ്വാനിയുടെ രാമന് ബദൽ ഗാന്ധിയുടെ രാമൻ തന്നെയാണ്. എന്നാൽ മതേതരമൗലികവാദികളെ ഭയന്നു പൊട്ടുതൊടാനും പർദ്ദയിടാനും കഴിയാത്ത അവസ്ഥയിലായിരിക്കുന്നു നാം. അതോടൊപ്പം ഒന്നുകൂടി. സാമ്രാജ്യത്വത്തിനെതിരെ ഊണിലും ഉറക്കത്തിലും പ്രസംഗിക്കുന്ന നാം ഒന്നുമറക്കുന്നു. ഇന്നു സാമ്രാജ്യത്വത്തിനെതിരെ ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുന്നതു മുസ്ലീം രാഷ്ട്രങ്ങളാണെന്ന സത്യം. അതംഗീകരിക്കാനും നമ്മുടെ കപടവിശ്വാസങ്ങൾ അനുവദിക്കുന്നില്ല. മതം കറുപ്പാണെന്ന പഴയവാചകത്തിൽ കടിച്ചുതൂങ്ങി നാം കാലം കഴിക്കും. വർഗീയവാദികളുടെ ബന്ദ് കേരളത്തിൽ വൻവിജയമാകും. തമിഴ്നാട്ടിൽ പരാജയപ്പെടും.

ജാതിയുടെ പ്രശ്നത്തിലും ഇതേ കാപട്യം നമുക്കു കാണാം. കേരളം ജാതിക്കതീതമാണെന്ന ധാരണയിൽ അടിസ്ഥാനവിഭാഗങ്ങളുടെ താല്പര്യങ്ങളാണു ബലികൊടുക്കപ്പെടുന്നത്. അതേസമയം എല്ലാമേഖലയിലും സൂക്ഷ്മമായി ജാതി നിലനിൽക്കുകയും ചെയ്യുന്നു. 'പ്രബുദ്ധ'മായ കേരളത്തിലെ അധഃസ്ഥിത-ആദിവാസി വിഭാഗങ്ങൾ പിന്നോക്കമെന്നു നാം പറയുന്ന പ്രദേശങ്ങളിലെ വിഭാഗങ്ങളേക്കാൾ എത്രയോ പുറകിലാണെന്നു നോക്കുക. ഉപരിപ്ലവമായ ഈ മൂഢവിശ്വാസത്തിലിരിക്കുന്ന നമുക്കു ബീഹാറിലും യു.പി.യിലും മറ്റും നടക്കുന്ന രാഷ്ട്രീയ ചലനങ്ങൾ ബോധ്യപ്പെടുകയില്ല. ലല്ലുപ്രസാദ് യാദവ് നമുക്ക് അപരിഷ്കൃതനാണ്. 'പുരോഗമന'വിഭാഗങ്ങൾ സൃഷ്ടി ച്ച ഈ വിശ്വാസം ദലിത് വിഭാഗങ്ങളെപ്പോലും എത്രമാത്രം ബാധിച്ചിരിക്കുന്നു. ഭൂരിഭാഗം ദലിത് ഉദ്യോഗസ്ഥന്മാരും അതിനുദാഹരണമാണ്. സംവരണത്തിനുവേണ്ടി മാത്രമാണവർ ജാതിപറയുന്നത്. വിദ്യാഭ്യാസവും തൊഴിലുമുള്ള ദളിത് യുവാക്കളും യുവതികളും മിശ്രവിവാഹത്തിൽ ഏറെ തല്പരരാണ്. പുരോഗമനമെന്നു നാം കരുതുന്ന മിശ്രവിവാഹംവഴി വാസ്തവത്തിൽ തൊഴിലും വിദ്യാഭ്യാസവുമുള്ള വിഭാഗത്തെ ആ സമൂഹത്തിനു നഷ്ടപ്പെടുകയാണു ചെയ്യുന്നത്.

പറഞ്ഞാൽ പലരും നെറ്റിചുളിക്കുമെങ്കിലും മറ്റൊന്നുകൂടി പറയാതെവയ്യ. കേരളത്തിന്റെ ഇന്നത്തെ കപടമുഖത്തിന് ഇടതുപക്ഷത്തോടൊപ്പം ഉത്തരവാദിത്തമുള്ള മറ്റൊരുവിഭാഗമുണ്ട്. ക്രിസ്ത്യാനിറ്റിയാണിത്. കുടുംബബന്ധങ്ങളടക്കം എല്ലാ മൂല്യങ്ങളുടെയും അടിസ്ഥാനം പണമായി മാറിയ ഇന്നത്തെ അവസ്ഥയുടെ കാരണങ്ങൾ സത്യസന്ധമായ ഒരു പരിശോധനക്കു നാം ഇനിയെങ്കിലും വിധേയമാക്കേണ്ടിയിരിക്കുന്നു. ഈ മാറ്റങ്ങൾക്ക് അധികം പഴക്കമില്ല എന്നതു ശ്രദ്ധിക്കുക. കേരളത്തിലുടനീളം കാണുന്ന കുടിയേറ്റങ്ങളും വർദ്ധിച്ചുവരുന്ന സ്ത്രീധനസമ്പ്രദായവും കപടമായ സദാചാരബോധവും കൂണുപോലെ പെരുകുന്ന വൃദ്ധസദനങ്ങളുമൊക്കെ എന്തിന്റെ ലക്ഷണങ്ങളാണ്? ഇപ്പോൾപോലും പാലായും വള്ളുവനാടും തമ്മിൽ, കോട്ടയവും കോഴിക്കോടും തമ്മിൽ നിലനിൽക്കുന്ന സാംസ്കാരിക അന്തരങ്ങൾ നൽകുന്ന സൂചനയെന്താണ്? കേരളം ഭീകരമായ ഒരു വർഗീയകലാപത്തിൽ എത്താതിരിക്കുന്ന കാര്യത്തിൽ മുസ്ലീംലീഗ് വഹിക്കുന്ന പങ്കിനെപ്പറ്റി പലരും പറഞ്ഞിട്ടുണ്ട്. എന്നാൽ കേരളകോൺഗ്രസ്സുകളുടെ കേരളത്തിലെ റോൾ എന്താണ്? ഈ വിഷയം ഇനിയും നാം അജണ്ടയിൽ എടുത്തിട്ടില്ല.

മലയാളിയുടെ ഇരട്ടത്താപ്പ് ഏറ്റവുമധികം ബോദ്ധ്യപ്പെടുന്ന മറ്റൊരു മേഖലയാണ് സ്ത്രീകളുടേത്. സമീപകാലത്ത് ഏറ്റവുമധികം എഴുതപ്പെട്ട ഒരു വിഷയമായതിനാൽ കൂടുതൽ എഴുതുന്നില്ല. പ്രായപൂർത്തിപോലും തികയാത്ത പെൺകുട്ടിയെ 200ൽപരം പേർക്കു കച്ചവടം നടത്തുക, അച്ഛൻ മകളെ ബലാൽസംഗം ചെയ്യുക, ശവത്തെപോലും ലൈംഗികപീഡനത്തിനിരയാക്കുക, മുക്കാലും വെന്തും കരിഞ്ഞ സ്ത്രീശരീരത്തെ പീഡിപ്പിക്കുക, വനിതാകമ്മീഷൻപോലും പ്രതിയുടെ പക്ഷം പിടിക്കുക, പെൺവാണിഭത്തിൽ പ്രതികളായ മന്ത്രിമാരെ പ്രതിപക്ഷംപോലും സംരക്ഷിക്കുക തുടങ്ങി നിരവധി സംഭവങ്ങൾക്ക് കേരളം സാക്ഷ്യംവഹിച്ചു. നമ്മുടെ പ്രബുദ്ധതയുടെയും സാക്ഷരതയുടെയും യഥാർത്ഥമുഖമാണിത്. അതേസമയം എല്ലാവരും സ്ത്രീപ്രശ്നങ്ങളെ കുറിച്ചു ഘോരഘോരം പ്രസംഗിക്കുന്നു. ചാനലുകളിൽ വിലയേറിയ സമയം സ്ത്രീകൾക്കുവേണ്ടി മാറ്റിവെയ്ക്കുന്നു. ഫെമിനിസവുമായി ബന്ധപ്പെട്ട ചർച്ചകളും പഠനങ്ങളും പൊടിപൊടിക്കുന്നു. അതേസമയം ഇതിനൊരു മറുവശവുമുണ്ട്. ഒരാണിനും പെണ്ണിനും അടുത്തിടപഴകാൻ കഴിയാത്ത രീതിയിലുള്ള കപടമായ സദാചാരബോധം കൂടുതൽ ശക്തമായിരിക്കുന്നു. അവർക്കു നല്ല സുഹൃത്തുക്കളായിരിക്കാൻ ഈ സമൂഹം ഒരിക്കലും അനുവദിക്കില്ല. ചിലപ്പോൾ അവയും പെൺവാണിഭമായി വ്യാഖ്യാനിക്കപ്പെടാം. അതേസമയം കുടുംബത്തിനകത്ത് ഏറ്റവുമധികം സ്ത്രീപീഡനം നടക്കുന്നു. തൊഴിൽസ്ഥലങ്ങളിൽ അതൊരു വാർത്തയേ അല്ല. ഇന്റർനെറ്റുകളിലും സിനിമകളിലും കാസറ്റുകളിലും യുവത്വം തിരയുന്നതു കാമകേളികൾമാത്രം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം സ്കൂളുകൾ സ്ഥാപിച്ച് അവരെ പരമാവധി അകറ്റി വളർത്തുന്ന നാം തന്നെയാണ് ഈ പീഡനങ്ങൾക്കെല്ലാം പ്രധാനകാരണം എന്നത് എന്നാണു നാം തിരിച്ചറിയപ്പെടുക? യുവതലമുറയെ ആക്ഷേപിച്ച് രക്ഷപ്പെടാൻ പലരും ശ്രമിക്കുമ്പോൾ മിക്ക പീഡനകേസുകളിലും പ്രതികൾ യുവത്വം കഴിഞ്ഞവരാണ് എന്നതാണു സത്യം.

മലയാളിയുടെ കാപട്യം വ്യക്തമാകുന്ന മറ്റൊരു മേഖല കൂടി ചൂണ്ടിക്കാണിക്കട്ടെ. കേരളത്തിന്റെ എല്ലാ മേഖലകളിലും സജീവ സാന്നിദ്ധ്യമായി മാറിക്കഴിഞ്ഞിട്ടുള്ള തമിഴരോടുള്ള മനോഭാവമാണിത്. ഈയിടെ തൃശൂരിൽ ഒരു പ്രശസ്ത ആശുപത്രിയുടെ വാർഷികാഘോഷങ്ങളുടെ ഭാഗമായി കേട്ട ഒരു അനൗൺസ്മെന്റ് ഇങ്ങനെയായിരുന്നു 'തമിഴർ ധാരാളം വരാനിടയുണ്ട്. എല്ലാവരും കൈവശമുള്ള സാധനങ്ങളും പണവും സൂക്ഷിക്കുക' ഇതൊരു ശരാശരി മലയാളിയുടെ മനസ്സുതന്നെയാണല്ലോ. ഇത്തരത്തിൽ ചിന്തിക്കാനും പറയാനും നമുക്ക് എന്തു യോഗ്യതയാണുള്ളത്? സ്വന്തം നാടിനോടും ഭാഷയോടും സംസ്കാരത്തോടുമുള്ള തമിഴന്റെ സ്നേഹ

**പ്രബുദ്ധരായ എല്ലാവരും ചെളിവലിച്ചെറിയുന്ന മലയാള മനോരമപത്രം ഇപ്പോഴും സർക്കുലേഷനിൽ ഒന്നാംസ്ഥാനത്തുതന്നെ എന്നതും എന്തിന്റെ സൂചനയാണ്?**

ത്തിൽനിന്ന് നമുക്ക് ഒരുപാട് പഠിക്കാനുണ്ട്. പോലീസിന്റെ ഭാഗത്തുനിന്ന് തമിഴർ നേരിടുന്ന പീഡനങ്ങൾക്ക് കയ്യും കണക്കുമില്ല. തെരുവിൽ കിടന്നുറങ്ങുന്ന തമിഴ് പെൺകുട്ടികൾ നിരന്തരമായി പീഡിപ്പിക്കപ്പെടുമ്പോഴും അത് വാർത്തയാകുന്നില്ല. ഒരു കഥയെഴുതിയാൽ എന്തിനെയും കുറിച്ച് അഭിപ്രായം പറയാമെന്നു ധരിച്ചിരിക്കുന്ന ബുദ്ധിജീവികളും എഴുത്തുകാരുമൊന്നും ഇതറിഞ്ഞിട്ടേയില്ല. അധ്വാനം സർഗ്ഗാത്മകമായ പ്രക്രിയയാണെന്നു പറഞ്ഞ കാറൽമാർക്സിന്റെ അനുയായികളുടെ നാട്ടിലാണ് കായികാധ്വാനം നടത്തി പീടികത്തിണ്ണകളിൽ കിടന്ന് തമിഴർ ജീവിക്കുന്നതും. മലയാളികൾ തൊഴിലില്ലാതെയും വൈറ്റ്കോളർ ജോലിക്കും സർക്കാർജോലിക്കും കൂടി വേണ്ടി യൗവനം നശിപ്പിക്കുന്നതും കൗതുകകരംതന്നെ. അതേസമയം ഈ തമിഴ്സാന്നിദ്ധ്യം (പ്രത്യേകിച്ച് തോട്ടംമേഖലയിൽ) നമ്മുടെ സമ്പദ്വ്യവസ്ഥയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും നാം പഠിക്കുന്നില്ല. നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം ടൂറിസമാണെന്നു കണ്ടെത്തുന്നവരും ഉണ്ട്. വാസ്തവത്തിൽ ടൂറിസ്റ്റുകളിൽനിന്ന് എന്തെല്ലാം നാം പഠിക്കേണ്ടതുണ്ട്.

ഒരു സമൂഹം സാംസ്കാരികമായി മുന്നോട്ടോ പുറകോട്ടോ എന്നത് മനസ്സിലാകാൻ അവിടെയുള്ള പോലീസിന്റെ എണ്ണം മാത്രം നോക്കിയാൽ മതി. കേരളത്തിലെ ചെറുപ്പക്കാരുടെ ഏ റ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയായി പോലീസ് മാ റിയിരിക്കുന്നു എന്നതുമാത്രം മതി നമ്മുടെ യഥാർത്ഥ അ വസ്ഥ ബോധ്യപ്പെടാൻ. പ്ര ബുദ്ധരായ എ ല്ലാവരും ചെ ളിവലിച്ചെറിയു ന്ന മലയാള മനോരമപത്രം ഇപ്പോ ഴും സർ ക്കുലേഷനിൽ ഒന്നാംസ്ഥാനത്തുതന്നെ എന്നതും എന്തിന്റെ സൂചനയാണ്?

കേരളത്തിന്റെ ക്രീം എന്നു വിളിക്കാവുന്ന വിഭാഗക്കാർപോലും കാപട്യത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ഇരുട്ടിൽ തപ്പിത്തടയുമ്പോൾ ഒരു ജനതക്ക് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? പെൺവാണിഭത്തിന്റെയും കൂട്ട ആത്മഹത്യയിലും മനോരമയിലും ഭാഗ്യക്കുറിയിലും അഭയം തേടുന്നവരുടെയും നാടായി നമുക്കു തുടരണമോ?

ഇന്ന് പ്രബുദ്ധരോ സാക്ഷരരോ അല്ല എന്ന സത്യം തുറന്നു പറഞ്ഞ്, ദേശീയബോധത്തിന്റേതായ ഒരു മുന്നേറ്റത്തിലൂടെയേ നമുക്ക് ആരംഭിക്കാൻ കഴിയൂ. അത്തരമൊരു ജനതക്കേ പരസ്പരം പീഡിപ്പിക്കാതിരിക്കാൻ കഴിയൂ. ആഗോളവൽക്കരണമടക്കമുള്ള പ്രശ്നങ്ങളെ രാഷ്ട്രീയമായിതന്നെ അഭിമുഖീകരിക്കാൻ കഴിയൂ. ഐക്യകേരളപ്രസ്ഥാനത്തിനുശേഷം നമുക്കു നഷ്ടപ്പെട്ട ദേശീയബോധം തിരിച്ചുപിടിക്കുക എന്നതായിരിക്കണം ഇനി മലയാളിയുടെ രാഷ്ട്രീയമായ അജണ്ട.

# അബു എബ്രഹാം

**കെ ജെ ജോണി**

ലോക പ്രസിദ്ധ കാർട്ടൂണിസ്റ്റും പത്രപ്രവർത്തകനുമായിരുന്ന അബു എബ്രഹാമിനെ മലയാളികൾ ഒരു പക്ഷേ തിരിച്ചറിഞ്ഞത് അടിയന്തിരാവസ്ഥ പ്രഖ്യാപനത്തെ കളിയാക്കികൊണ്ടുള്ള ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിൽ വന്ന കാർട്ടൂൺ മുഖേന ആയിരിക്കാം. അടിയന്തിരാവസ്ഥ പ്രഖ്യാപന ഓർഡിനൻസ് വായിച്ചു നോക്കുക പോലും ചെയ്യാതെ കുളിക്കുകപോലും ചെയ്യാതെ കുളിത്തൊട്ടിയിൽ കിടന്നുകൊണ്ടു രാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദ് ഒപ്പിട്ടുകൊടുക്കുന്നതാണ് ചിത്രം. ഇനിയും ഓർഡിനൻസുണ്ടെങ്കിൽ അല്പനേരം കാത്തുനിൽക്കാൻ ഇന്ദിരയോടു പറയൂ എന്നു രാഷ്ട്രപതി ഒപ്പിട്ടുകൊണ്ടു പറയുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ മേൽ അടിച്ചേൽപ്പിച്ച ഫാസിസത്തിന്റെ തീവ്രത ആയിരം ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിക്കുന്നതിനേക്കാളും ശക്തിയായി വരകളിലൂടെ പ്രതിഫലിപ്പിക്കാൻ കഴിഞ്ഞുവെന്നത് അബു അബ്രഹാമിനെപ്പോലൊരു പ്രതിഭാഷശാലിക്കുമാത്രം കഴിയുന്നതാണ്. അടക്കിവച്ച നർമ്മത്തിന്റെ സൂക്ഷ്മതയും മുനയുള്ളതുമായിരുന്നു അബുവിന്റെ വരകൾ. രാഷ്ട്രീയവും സമകാലികവുമായ സാമൂഹ്യപ്രശ്നങ്ങളോട് അബു തീവ്രമായിതന്നെ പ്രതികരിച്ചു. ഏതു സാധാരണ വായനക്കാരനും മനസ്സിലാകുന്ന കാർട്ടൂൺഭാഷയായിരുന്നു അബുവിന്റേത്. ഇന്ത്യയ്ക്കു പുറത്ത് അറിയപ്പെടുന്ന ഇന്ത്യൻ കാർട്ടൂണിസ്റ്റുകളായ ശങ്കർ, ലക്ഷ്മണൻ, മാറിയോ, ഒ.വി. വിജയൻ ഇവരുടെ നിരയിൽ തന്നെയായിരുന്നു അബുവിന്റെയും സ്ഥാനം.

1924 ജൂൺ 11ന് അബു എബ്രഹാം തിരുവല്ലയിൽ ജനിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നു ഗണിതശാസ്ത്രത്തിൽ ബിരുദമെടുത്ത അബു ജോലി തേടി ബോംബെയിലെത്തി. സെന്റിനൽ എന്ന പത്രത്തിൽ റിപ്പോർട്ടറായി ജോലി ചെയ്യവേ വരയും തുടങ്ങി. 1964 മുതൽ 49വരെ ബോംബെ ക്രോണിക്കിളിലും പിന്നീട് ബ്ലിറ്റ്സ് വാരികയിലും കാർട്ടൂണുകൾ വരച്ചു. തുടർന്നു ശങ്കേഴ്സ് വീക്കിലിയിലും കുറെക്കാലം ജോലി ചെയ്തു. ഇംഗ്ലണ്ടിലെ ഒബ്സർവർ പത്രം അബുവിനെ അവരുടെ എഡിറ്റോറിയൽ കാർട്ടൂണിസ്റ്റായി ക്ഷണിച്ചു. 1956 മുതൽ 66വരെ ഒബ്സർവറിലും തുടർന്നു മാഞ്ചസ്റ്റർ ഗാർഡനിലും കാർട്ടൂണിസ്റ്റായി ജോലി ചെയ്തു. ഇന്ത്യയിലേക്കു മടങ്ങിവന്ന് ഇന്ത്യൻ എക്സ്പ്രസ്സിൽ ജോലി തുടരവെയാണു പ്രസിദ്ധമായ അടിയന്തിരാവസ്ഥ കാർട്ടൂൺ വരച്ചത്. മാതൃഭൂമി വാരികയിലും കാർട്ടൂൺ പംക്തി ചെയ്തിരുന്നു. 1972 മുതൽ രാജ്യസഭാംഗമായിരുന്നു.

അബു എബ്രഹാം എഡിറ്റുചെയ്ത 'വെർഡിക്ട് ഓഫ് വിയറ്റ്നാം' എന്ന പ്രസിദ്ധമായ കാർട്ടൂൺ പുസ്തകം പത്രപ്രവർത്തകർക്കും കാർട്ടൂണിസ്റ്റുകൾക്കും ചരിത്ര വിദ്യാർ ത്ഥികൾക്കും റഫറൻസ് ആണ്. വിയറ്റ്നാം യുദ്ധത്തിൽ അമേരിക്കയെ വിമർശിച്ചും പുകഴ്ത്തിയും വരച്ച കാർട്ടൂണുകളുടെ ശേഖരമാണിത്. ലോകമെമ്പാടുമുള്ള കാർട്ടൂണിസ്റ്റുകളുടെ രചനകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 'അബു ഓൺ ബംഗ്ലാദേശ്' എന്ന കൃതിയും പ്രസിദ്ധമാണ്.

# മനുഷ്യ പകർപ്പിന്റെ കാലം പിറന്നു!



**അജിത് ഗോപാൽ**

**പ്രകൃതിയുടെ സ്പർശനമില്ലാതെ, എല്ലാ പ്രകൃതി നിയമങ്ങൾക്കും അതീതമായി, പരീക്ഷണ ശാലയിലെ കൂട്ടിയോജിപ്പിക്കലിലൂടെ രൂപംകൊണ്ട ആദ്യത്തെ മനുഷ്യജന്മം.**

ഒരു ശരീരം പഴകുമ്പോൾ, അതിന്റെ പകർപ്പ് സൃഷ്ടിച്ച് ഓർമ്മയുടേയുംവ്യക്തിത്വത്തിന്റെയും സഞ്ചയം അതിലേയ്ക്ക് പറിച്ച് നട്ട് ചിരഞ്ജീവി ആകുന്ന ആധുനിക മനുഷ്യൻ. കേടുപാടുകൾവന്ന ശരീരഭാഗങ്ങൾ മാറ്റി ജനിതക വിദ്യയിലൂടെ പുത്തൻ അവയവങ്ങൾ മുളപ്പിക്കുന്ന നവീന യുവശാസ്ത്രജ്ഞൻ.

ജനന-മരണങ്ങളുടെ മുഹൂർത്തങ്ങളും അതിനിടയിലെ സംസാരജീവിതത്തിന്റെ ശുഭാശുഭങ്ങളും കുറിക്കുന്ന ജ്യോത്സ്യന്റെ സ്ഥാനത്ത്, ജനിതകകോഡുകളുടെ അകമ്പൊരുൾ ചികയുന്ന രസതന്ത്രജ്ഞൻ രചിക്കുന്ന ജനിതകപദ്ധതിയ്ക്ക് അനുസരിച്ച് പ്രോഗ്രാം ചെയ്യപ്പെട്ട ഒരു പുത്തൻ തലമുറ.

സംഭ്രമവും വിസ്മയവും ജനിപ്പിക്കുന്ന ഏതെങ്കിലും ശാസ്ത്ര നോവലിലെയോ സിനിമയിലേയോ ഭാവനയാണിതെന്ന് കരുതിയാൽ തെറ്റി.

വർഷം 2002 തീരാൻ നാലു ദിവസം ബാക്കി നിൽക്കെ യു.എസ്.ലെ ക്ലോണൈഡ് എന്ന വിശ്വാസി സമൂഹം, ജനിതക പകർപ്പ് സാങ്കേതിക വിദ്യയിലൂടെ ആദ്യത്തെ മനുഷ്യശിശു പിറന്നു എന്ന് നടത്തിയ പ്രഖ്യാപനം സത്യമെങ്കിൽ, മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം അടുത്ത 20 വർഷങ്ങൾക്കുള്ളിൽ തികച്ചും സംഭവ്യം.

സർവ്വചരാചരങ്ങൾക്കും ഈ ജഗത്തിനും ഈശ്വരനായ ഒരു ശക്തിയുടെ സൃഷ്ടിയാണ് മനുഷ്യനെന്നും, അതല്ല മനുഷ്യന്റെയും മതങ്ങളുടേയും ഭാവന സൃഷ്ടിയാണ് ഈശ്വരനെന്നുമുള്ള നൂറ്റാണ്ടുകൾ പഴക്കംവരുന്ന ദാർശനിക തർക്കങ്ങൾക്കിടയിലേയ്ക്കാണ് ആദ്യത്തെ ക്ലോൺശിശു പിറന്നുവീഴുന്നത്.

പ്രകൃതിയുടെ സ്പർശനമില്ലാതെ, എല്ലാ പ്രകൃതി നിയമങ്ങൾക്കും അതീതമായി, പരീക്ഷണ ശാലയിലെ കൂട്ടിയോജിപ്പിക്കലിലൂടെ രൂപംകൊണ്ട ആദ്യത്തെ മനുഷ്യജന്മം. ഇവിടെ സൃഷ്ടിയുടെ ബ്രഹ്മാവും പരിപാലനത്തിന്റെ വിഷ്ണുവും സംഹാരമൂർത്തിയായ ശിവനുമെല്ലാം പരീക്ഷണക്കുഴലിലൂടെ ഉറ്റുനോക്കുന്ന ശാസ്ത്രജ്ഞനാണ്.

**ജനിതകവിദ്യയിലൂടെ ശിശുക്കളുടെ ജനനം സത്യമാണെങ്കിൽതന്നെ ഈ പരീക്ഷണം സഫലമാണോ എന്ന് തീർച്ചപ്പെടുത്താൻ ഇനി വർഷങ്ങൾ വേണ്ടിവരും.**

എന്നാൽ ക്ലോണൈഡിന്റെ പൊതു സ്വഭാവംപോലെ ദുരൂഹമായിരുന്നു അവർ ശാസ്ത്രസമൂഹത്തിന്റെ മുമ്പിൽവച്ച അവകാശവാദങ്ങളും. ഒരു ശാസ്ത്രഗവേഷണ പദ്ധതിയുടെ ആത്യന്തികഫലം പുറത്തുവിടുമ്പോൾ കൈക്കൊള്ളേണ്ട അടിസ്ഥാന പ്രമാണങ്ങൾപോലും ഇവർ പാലിച്ചില്ല.

ഗവേഷണത്തിന്റെ ആകെത്തുകയായ ആദ്യത്തെ ക്ലോൺ ശിശുവിനെ അവതരിപ്പിച്ചല്ലന്നതൊ പോകട്ടെ, ഇതു സംബന്ധിച്ച യാതൊരു വിവരവും പുറത്തുവിടാൻ സംഘടന തയ്യാറായില്ല. രണ്ട് ക്ലോൺ ശിശുക്കൾകൂടി പിറന്നു എന്ന അറിയിപ്പ് പുറകെ വന്നുവെങ്കിലും 1997-ൽ രൂപമെടുത്ത ക്ലോണൈഡ് എന്ന വിശ്വാസി സമൂഹം എന്നും സംശയങ്ങളുടെ കരിനിഴലിൽ ആയിരുന്നു.

മുൻ ഫ്രഞ്ച് പത്രപ്രവർത്തകനായ റെയൽ നേതൃത്വം നൽകുന്ന ഈ സംഘടന വിശ്വസിക്കുന്നത് എലോഹിം എന്ന അന്യഗ്രഹജീവികളുടെ വംശമാണ് ജനിതക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭൂമിയിൽ മനുഷ്യരാശിയെ സൃഷ്ടിച്ചതെന്നാണ്.

എലോഹിം എന്ന പദം ഹിബ്രു ഭാഷയിൽ എഴുതപ്പെട്ട വിശുദ്ധ ബൈബിളിൽ ഉണ്ടെന്നും അത് ദൈവം - എന്ന് തെറ്റായ രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടതാണെന്നും ഇവർ വിശ്വസിക്കുന്നു.

ക്ലോണൈഡിന്റെ വിശ്വാസങ്ങളെക്കാൾ വിചിത്രവും അവിശ്വസനീയവുമാണ് അവരുടെ കണ്ടുപിടിത്തങ്ങളുടെ ഗുണഫലങ്ങളെ സംബന്ധിച്ചും ഭാവി ഗവേഷണങ്ങളെക്കുറിച്ചും സംഘടന നിരത്തുന്ന അവകാശവാദങ്ങൾ. ജനിതക എഞ്ചിനീയറിംഗിലൂടെ മരണത്തെ തോല്പിക്കാനാവുമെന്നാണ് റെയിലിന്റെ വിശ്വാസം. പൂർണ്ണ വളർച്ചയെത്തിയ ഒരു മനുഷ്യപകർപ്പിനെ സൃഷ്ടിച്ചശേഷം ഒരാളുടെ വ്യക്തിത്വവും ഓർമ്മകളുടെ സഞ്ചയവും അതിലേയ്ക്ക് പകർത്തുക വഴി, ഒരു സുഖനിദ്രയ്ക്കു ശേഷം ഉണർന്നെഴുന്നേൽക്കുമ്പോലെ മരണത്തെ മറി കടന്ന് പുത്തൻശരീരവുമായി ഉയർത്തെഴുന്നേൽക്കാമെന്ന് റെയ്ൽ പറയുന്നു.

മനുഷ്യനെ ചിരഞ്ജീവി ആക്കാമെന്ന വാഗ്ദാനത്തിന്

പുറമെ, അടുത്ത 20 വർഷത്തിനകംതന്നെ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് സൃഷ്ടിക്കുന്ന -സൂപ്പർ കമ്പ്യൂട്ടർ ബുദ്ധി- കൃഷിയുടെയും വ്യവസായത്തിന്റെയും പ്രസക്തിപോലും ഇല്ലാതാകുമെന്ന് ക്ലോണൈഡ് കണക്കുകൂട്ടുന്നു.

ഗവേഷണം മനുഷ്യനന്മയ്ക്കെന്ന മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്നുണ്ടെങ്കിലും ക്ലോണൈഡിന്റെ യഥാർത്ഥ ലക്ഷ്യം കോടിക്കണക്കിന് ഡോളറുകൾ പ്രതീക്ഷിക്കുന്ന വിപണി തന്നെയാണെന്നത് സുവ്യക്തമാണ്. ക്ലോണിംഗ് സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങളുടെ പരസ്യങ്ങൾ ഇതിനകം വന്നുകഴിഞ്ഞു. മനുഷ്യജീനുക്കൾ സൂക്ഷിച്ചുവയ്ക്കുന്ന പദ്ധതിമുതൽ സന്താനോത്പാദനശേഷി ഇല്ലാത്ത സ്ത്രീകൾക്ക് അണ്ഡങ്ങൾ പ്രദാനം ചെയ്യുന്നതുവരെ നീളുന്നു ഈ സേവനങ്ങൾ. പ്രതിവർഷം 200 ഡോളർ മുതൽ 2,50,000 ആകാം ഈ പദ്ധതികളുടെ നിരക്ക്. എന്തിനുപറയുന്നു, കോടീശ്വരന്മാർക്കു വേണ്ടി മരിച്ചുപോയ പ്രിയപ്പെട്ട വളർത്തുമൃഗങ്ങളെവരെ പുനഃസൃഷ്ടിക്കാൻ ക്ലോണൈഡ് തയ്യാർ.

വ്യക്തമായ തെളിവുകളുടെ അഭാവത്താൽ വിചിത്രമായ ഈ അവകാശവാദങ്ങൾ സാധാരണഗതിയിൽ തള്ളിക്കളയേണ്ട ശാസ്ത്രസമൂഹം ഇന്ന് ചൂടുപിടിച്ച സംവാദങ്ങളുടെ നീർചുഴിയിലാണ്. മനുഷ്യരാശിയുടെതന്നെ ഭാവിയെ ബാധിക്കുന്ന ഒരു പ്രശ്നം എന്ന നിലയിൽ സമൂഹത്തിലെ ശാസ്ത്രേതരവിഭാഗവും ഈ വിഷയം സജീവമായി ചർച്ച ചെയ്യുകയാണിന്ന്.

## ക്ലോണിംഗിന്റെ ചരിത്രം

ക്ലോണിംഗ് അഥവാ ജനിതക പകർപ്പ് സൃഷ്ടിക്കൽ സസ്തനികളിൽ അസാധ്യം എന്നായിരുന്നു വിശ്വാസം - 1996-ൽ റോസ്‌ലിൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരുസ്കോട്ടലന്റ് കാരനായ ശാസ്ത്രജ്ഞൻ മറിച്ച് തെളിയിക്കുംവരെ ഡോളിയെന്ന ആദ്യത്തെ ക്ലോൺ ചെയ്യപ്പെട്ട ചെമ്മരിയാടിന്റെ ജനനം വാർത്താമാധ്യമങ്ങളെ അറിയിച്ചത് ആ മാസം ഫെബ്രുവരി 23-ന് ആയിരുന്നു. അത് ഒരു ലോകസംഭവമാകാൻ അധികം ദിവസങ്ങളെടുത്തില്ല.

എന്നാൽ ഡോളി ഒരു തുടക്കം മാത്രമായിരുന്നു. 1998 ജൂലൈ മാസം ഹവായ് സർവ്വകലാശാലയിലെ ഡോ: റടുസോ യാനഗിമാച്ചി തങ്ങൾ എലികളെ ക്ലോൺ ചെയ്ത വിവരം പുറത്തുവിട്ടു. തുടർന്ന് ഹവായിലെതന്നെ കിംകി സർവ്വകലാശാല ഒരു പശുവിന്റെ ഡി.എൻ.എ.യിൽനിന്ന് എട്ട് കിടാങ്ങളെ സൃഷ്ടിച്ചതായിരുന്നു അടുത്ത റിപ്പോർട്ട്.

എന്തിനു പറയുന്നു. 2002-ാം ആണ്ട് അവസാനിച്ചപ്പോഴേയ്ക്കും എട്ടിനം സസ്തനികളുടെ ജനിതകപ്പകർപ്പ് ശാസ്ത്രജ്ഞർ സൃഷ്ടിച്ചുകഴിഞ്ഞിരുന്നു. എലികൾ, പശുക്കൾ, കുരങ്ങന്മാർ, ആടുകൾ, ചെമ്മരിയാടുകൾ തുടങ്ങിയവ ഉൾപ്പെടെ.

ഇതിനിടെ മനുഷ്യന്റെ പ്രധാന അവയവങ്ങൾമാത്രം ക്ലോണിംഗ് വിദ്യയിലൂടെ പുനഃസൃഷ്ടിക്കാനുള്ള ശ്രമവും രണ്ട് കൊറിയൻ ശാസ്ത്രജ്ഞന്മാർ നടത്തിയിരുന്നു. ഇത്തരം ഗവേഷണങ്ങൾ പല ഘട്ടങ്ങളിലായി പരിസ്ഥിതിവാദികളുടേയും, ഭ്രൂണഹത്യാവിരുദ്ധ പ്രവർത്തകരുടേയും മതനേതാക്കളുടേയും ഒക്കെ എതിർപ്പ് നേരിട്ടു വന്നു.

ഈ വിവാദ ഗവേഷണങ്ങളുടെ കലാശകൊട്ടായി കഴിഞ്ഞ ഡിസംബർ 27-ന് ക്ലോണൈഡ് മനുഷ്യ ക്ലോണിംഗ് സമിതി അദ്ധ്യക്ഷയും, ഫ്രഞ്ച് രസതന്ത്രജ്ഞയുമായ ബ്രിജിറ്റ് ബ്രോസലിയർ എന്ന 46 കാരി നടത്തിയ പ്രഖ്യാപനം. ആദ്യത്തെ ക്ലോണിംഗ് ശിശുവിന്റെ ജനനവാർത്ത ഉളവാക്കിയ അമ്പരപ്പ് മാറുംമുമ്പ് രണ്ട് ക്ലോണിംഗ് ശിശുക്കൾകൂടി പിറന്നതായി ക്ലോണൈഡ് അറിയിച്ചു. നെതർലന്റ്സിലെ സ്വവർഗ്ഗാനുരാഗികളായ ദമ്പതിമാർക്കും, പിന്നെ ജപ്പാൻകാരനായ മാതാപിതാക്കൾക്കും.

## ക്ലോണൈഡ് അവകാശവാദം പൊള്ളയോ?

- ഇത് ശുദ്ധ തട്ടിപ്പാകാനാണ് സാധ്യത. പറയുമ്പോലെ അത്ര എളുപ്പമല്ല മനുഷ്യ ക്ലോണിംഗ്. ഡോളി എന്ന ചെമ്മരിയാടിനെ തന്നെ സൃഷ്ടിച്ചത് എത്രയെത്ര പരീക്ഷണങ്ങൾക്കൊടുവിലാണ് എന്ന് ഓർത്തുനോക്കൂ - പറയുന്നത് ഡോക്ടർ സതീഷ് മുണ്ടയൂർ. തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ സീനിയർ ശാസ്ത്രജ്ഞൻ.

മാധ്യമങ്ങളിലൂടെയുള്ള കേട്ടറിവുമാത്രമേയുള്ളൂ. എങ്കിലും ഇത് സത്യമാകാൻ സാധ്യത കുറവാണ് - ഡോ: സതീഷ് പറയുന്നു. ജനിതകവിദ്യയിലൂടെ പുനഃസൃഷ്ടിനടക്കുമ്പോൾ ജനിതക സ്വഭാവങ്ങൾ അപ്പടി പകർത്തപ്പെടുമെന്ന വിശ്വാസത്തിലും ഡോ: സതീഷിന് സംശയം ഉണ്ട്.

"എന്നുമാത്രമല്ല, എന്താണ് ഇതിന്റെ ആവശ്യം? ഇത്രയും ബുദ്ധിമുട്ടി ക്ലോണിംഗ് ശിശുവിനെ ഉണ്ടാക്കുന്നതിനുപകരം, പ്രകൃതി നിയമം അനുസരിച്ച് ജനിച്ച ഒരു കുഞ്ഞിനെ ദത്തെടുക്കുന്നതല്ലേ അഭികാമ്യം?" അദ്ദേഹം ചോദിക്കുന്നു.

ഇന്ത്യയിൽ ചികിത്സാരംഗത്തെ ആവശ്യങ്ങൾക്കായി ക്ലോണിംഗ് രംഗത്ത് ചില പരീക്ഷണങ്ങൾ നടക്കുന്നതായി അറിയാമെന്ന് ഡോ: സതീഷ് പറയുന്നു. അത് അതിരുവിടുമെന്നും ഇന്ത്യൻ സമൂഹം ഇത്തരം ഒരു ഗവേഷണത്തെ അംഗീകരിക്കുമെന്നും അദ്ദേഹം വിശ്വസിക്കുന്നുമില്ല.

എന്നാൽ കേരളത്തിലെ ആദ്യത്തെ ഗൈനോക്കോളജിസ്റ്റും ഇന്നും മുൻപന്തിയിൽ നിൽക്കുന്ന ഭിഷഗ്വരനുമായ ഡോ: ജി. വേലായുധന്റെ അഭിപ്രായം മറിച്ചാണ്.

"ഇതൊരു പൊള്ളയായ അവകാശവാദമാണെന്ന് കരുതാൻ പ്രയാസമുണ്ട്. ലോകത്ത് പല ഭാഗത്തായി ഇത്തരം ഗവേഷണങ്ങൾ നടന്നുവരുന്നതായി അറിയാം", ഡോ: വേലായുധൻ ജാലകത്തോട് പറയുന്നു. കുട്ടികൾ ഇല്ലാത്തവർക്ക് ഇതൊരു അനുഗ്രഹമാകും, എങ്കിലും വൻതോതിൽ ക്ലോണിംഗ് ശിശുക്കളെ സൃഷ്ടിക്കുന്നത്

**ശാസ്ത്രീയ സാങ്കേതിക രംഗങ്ങളിലെ പരീക്ഷണങ്ങളും പഠനങ്ങളും കാടു കയറിയപ്പോഴൊക്കെ മനുഷ്യരാശി അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചിട്ടുണ്ട്.**

അപ്രായോഗികമാണെന്നുതന്നെ അദ്ദേഹം കരുതുന്നു. മാത്രമല്ല, ക്ലോണിംഗ് ശിശുക്കൾക്ക് മാനസികമായും ജനിതകവൈകല്യങ്ങൾ ഉണ്ടാകുമോ എന്ന ആശങ്കയും അദ്ദേഹത്തിനുണ്ട്. ഇന്ത്യയിൽ ഇത്തരം ഒരു പരീക്ഷണകുതിപ്പിന് സാഹചര്യവും പ്രോത്സാഹനവും ഇല്ലെന്ന് ഡോ: വേലായുധൻ പറയുന്നു.

"ജനിതകവിദ്യയിലൂടെ ശിശുക്കളുടെ ജനനം സത്യമാണെങ്കിൽതന്നെ ഈ പരീക്ഷണം സഫലമാണോ എന്ന് തീർച്ചപ്പെടുത്താൻ ഇനി വർഷങ്ങൾ വേണ്ടിവരും. ഈ കുട്ടികൾ വളർന്ന് വ്യക്തിവികാസം പ്രാപിച്ചാലെ ശാരീരിക-മാനസിക വൈകല്യങ്ങളോ, കുറവുകളോ ഇവർക്കുണ്ടോയെന്ന് നിജപ്പെടുത്താനാകൂ", അദ്ദേഹം അഭിപ്രായപ്പെട്ടു.

തിരുവനന്തപുരത്തെ പ്രശസ്ത ഗൈനക്കോളജിസ്റ്റായ ഡോ: രമാവേണു ഗോപാലും ഈ അഭിപ്രായമാണ് വച്ചുപുലർത്തുന്നത്. മാധ്യമങ്ങളിൽ വായിച്ച അറിവാണുള്ളത്. എങ്കിലും ഇത് സത്യമാകാൻ സാധ്യത കുറവാണ്. സത്യമാണെങ്കിൽതന്നെ പരീക്ഷണം വിജയമെന്നുറപ്പിക്കാൻ വർഷങ്ങൾ വേണ്ടിവരാം. എല്ലാ കൃത്രിമമാർഗ്ഗങ്ങളും ആത്യന്തികമായി കൃത്രിമമാണ്. ഡോ: രമ ഓർമ്മിപ്പിക്കുന്നു. ഒരു വിശ്വാസി സമൂഹമാണ് ഈ പരീക്ഷണം നടത്തിയെന്ന വൈരുദ്ധ്യം നിലനിൽക്കത്തന്നെ, മതസംഘടനകളും മതനേതാക്കളും ശക്തമായി എതിർക്കുകയാണ് ഈ ഗവേഷണശാഖയെ. "ഈശ്വരന്റെയും സ്നേഹത്തിന്റെയും സ്പർശമില്ലാതെ നടത്തുന്ന സൃഷ്ടി പ്രകൃതിയ്ക്കും ശാസ്ത്രത്തിനും മനുഷ്യരാശിക്കും എതിരാണ''. തിരുവനന്തപുരം ബിഷപ്പ് മരിയാകലിസ്റ്റ് സൂസൈപാക്യം ചൂണ്ടിക്കാട്ടുന്നു.

ഇതുമാത്രമല്ല, ഇത്തരം ഒരു പരീക്ഷണത്തിന്റെ ധാർമ്മികതയേയും അദ്ദേഹം ചോദ്യം ചെയ്യുന്നുണ്ട്. ലോകത്ത് ലക്ഷക്കണക്കിന് മനുഷ്യർ പട്ടിണിയിലും ദുരിതത്തിലും കിടന്നുഴലുമ്പോൾ കോടിക്കണക്കിന് ഡോളർ ചിലവഴിച്ച് കൃത്രിമമായി ഈ പരീക്ഷണം നടത്തേണ്ട ആവശ്യം എന്താണ്? ബിഷപ്പ് ചോദിക്കുന്നു. ദൈനംദിനജീവിതംതന്നെ ഒരു മഹാത്ഭുതമായി കാണുന്ന തങ്ങൾക്ക് ഇത്തരം പ്രവർത്തനങ്ങൾ ഈശ്വര നിഷേധമായും ശാസ്ത്രത്തിന്റെ ദുരുപയോഗമായും മാത്രമെ കാണാൻ കഴിയൂ എന്നാണ് ബിഷപ്പ് സൂസൈപാക്യത്തിന്റെ അഭിപ്രായം.

മഹാഭാരതംപോലുള്ള ഹിന്ദു ഇതിഹാസങ്ങളിൽ മാംസകഷണങ്ങൾ കുടത്തിൽ സൂക്ഷിച്ച് അതിൽനിന്ന് സൃഷ്ടിക്കപ്പെട്ട കൗരവരെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അവർ തിന്മയുടെ പ്രതീകങ്ങളാണെന്ന് ചൂണ്ടിക്കാട്ടുന്നു -തൊടുപുഴയിലെ സ്വാമി കേശവാനന്ദഭാരതി.

കൃത്രിമ മാർഗ്ഗങ്ങളിലൂടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ വിചാരഗതികളും വ്യക്തിത്വവും എങ്ങനെയാകും എന്നതിനെക്കുറിച്ച് സന്ദേഹമുണ്ട് അദ്ദേഹത്തിന്. ഇന്ത്യയിൽ ഇത്തരം പരീക്ഷണങ്ങൾക്ക് പ്രസക്തിയുണ്ടെന്നും അദ്ദേഹം കരുതുന്നില്ല. ഇവിടെ എന്തായാലും ജനസംഖ്യക്ക് കുറവൊന്നുമില്ലല്ലൊ - ചിരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു.

എന്നാൽ എല്ലാമതങ്ങളും ക്ലോണിംഗിന് എതിരാണെന്ന് കരുതുന്നതും തെറ്റാണ്. പുരാതന മതങ്ങളിലൊന്നായ ജൂതമതം ഇത് സംബന്ധിച്ചെടുക്കുന്നത് ഒരു വ്യത്യസ്ത നിലപാടാണ്. ഗർഭപാത്രത്തിൽനിന്നും പുറത്തുവരുംവരെ ഗർഭസ്ഥശിശുവിനെ മനുഷ്യനായി കണക്കാക്കാനാവില്ലെന്നാണ് റാബികൾ എന്നറിയപ്പെടുന്ന ജൂത പുരോഹിതന്മാരുടെ അഭിപ്രായം. രണ്ടാം ലോകമഹായുദ്ധകാലത്തെ നരവേട്ടയുടെ ഓർമ്മകൾ മനസ്സിൽ സൂക്ഷിക്കുന്ന ജൂതന്മാർ, ഭൂമിയിൽനിന്നും തുടച്ചുമാറ്റപ്പെട്ട തങ്ങളുടെ ഒരു തലമുറയെ പുനഃസൃഷ്ടിക്കാൻ ഈ വിദ്യയ്ക്ക് കഴിയുമെന്ന് ആശിക്കുന്നത് സ്വഭാവികം.

ക്ലോണിംഗ് ജനങ്ങളെ എതിർക്കുമ്പോൾതന്നെ രോഗഗ്രസ്തമായ ശരീരങ്ങളെ രക്ഷപ്പെടുത്താൻ ക്ലോണിംഗ് വിദ്യ ഉപയോഗിക്കുന്നതിനെ ന്യായികരിക്കുന്നവർ ഗവേഷകരിലുമുണ്ട്. എയ്ഡ്സ് പോലുള്ള രോഗങ്ങളെ മറികടക്കാനും അവയവങ്ങൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കും ഈ പുത്തൻ സാങ്കേതികവിദ്യ അനുഗ്രഹമാകുമെന്ന് അവർ കരുതന്നു.

അഭിപ്രായങ്ങൾ എന്തുതന്നെയായാലും മനുഷ്യക്ലോണിംഗ് നിരോധിക്കണമെന്ന മുറവിളി ഇതിനകം ലോകത്തിന്റെ പല ഭാഗത്തുനിന്നും ഉയർന്നുകഴിഞ്ഞു. പക്ഷെ, ഇക്കാര്യത്തിലൊരു ഉറച്ച നിലപാടെടുക്കാൻ ലോകരാഷ്ട്രങ്ങൾക്ക് ഇനിയും ആയിട്ടില്ല. അമേരിക്കയും പല കത്തോലിക്ക രാഷ്ട്രങ്ങളും എല്ലാത്തരം ക്ലോണിംഗും നിരോധിക്കണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രസിഡന്റ് ജോർജ് ബുഷും മറ്റുചില ഭ്രൂണഹത്യാവിരുദ്ധ സംഘടനകളും, ക്രിസ്തീയ സഭകളുമൊക്കെ ധാർമ്മികമൂല്യങ്ങളെ മുൻനിർത്തി ക്ലോണിംഗ് ചികിത്സ ഉൾപ്പെടെ നിരോധിക്കണം എന്ന പക്ഷക്കാരാണ്.

ഐക്യരാഷ്ട്രസഭയുടെ നിയമകാര്യസമിതിയാണ് ക്ലോണിംഗ് സംബന്ധിച്ച് ഒരു ഉടമ്പടിയുടെ കരട് തയ്യാറാക്കുന്നത്. യു.എസ്സും., ഫ്രാൻസും, ജർമ്മനിയും ഉൾപ്പെടെ ചില രാജ്യങ്ങൾ ഇതു സംബന്ധിച്ച ചർച്ചകൾ ഒരു വർഷത്തേയ്ക്ക് നീട്ടാൻ സമ്മതം മൂളിയിട്ടുണ്ട്.

എന്നാൽ സിംഗപ്പൂരാകട്ടെ, ക്ലോണിംഗ് ചികിത്സയെ സംബന്ധിച്ച ഉദാരനിലപാട് എടുക്കുന്ന രാജ്യമാണ്. അതുപോലെ ഇസ്ലാമിക രാജ്യമായ യു.എ.ഇ.യും ക്ലോണിംഗ് ഗവേഷണങ്ങൾ തുടരണമെന്ന് ആഗ്രഹിക്കുന്നു.

ശാസ്ത്രീയ സാങ്കേതിക രംഗങ്ങളിലെ പരീക്ഷണങ്ങളും പഠനങ്ങളും കാടുകയറിയപ്പോഴൊക്കെ മനുഷ്യരാശി അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചിട്ടുണ്ട്. ഒരുവശത്ത് പ്രഹരശേഷി കൂടിയ ആയുധങ്ങളും ഒരു രാജ്യത്തെതന്നെ ഒറ്റയടിക്ക് ഇല്ലാതാക്കാനുതകുന്ന മാരകങ്ങളായ ബോബുകളും ഉണ്ടാക്കാൻ വരുമാനത്തിന്റെ ഒരു വലിയ ഭാഗം ചിലവാക്കുന്ന രാഷ്ട്രങ്ങൾ. മറുഭാഗത്ത് കോടിക്കണക്കിന് ഡോളർ മുടക്കി മൺമറഞ്ഞവരെ പുനഃസൃഷ്ടിക്കാനും അമർത്യനാവാൻ വെമ്പൽകൊള്ളുന്നവനെ ഭൂമിയിൽ നിലനിർത്താനും പാടുപെടുന്ന വേറൊരുകൂട്ടം ഗവേഷകർ.

ആകാശങ്ങളിലിരുന്ന് എല്ലാംകണ്ട് ചിരിയുതിർക്കുന്നത് ജഗദീശ്വരനോ അതോ, റെയ്ൽ പറയുന്ന എലോഹിമുകളോ?

# പ്രതീക്ഷകൾ വിരിയിച്ച ജിം

**എം.കെ.ഹരികൃഷ്ണൻ**

കേരളത്തിന്റെ വ്യവസായിക തലസ്ഥാനമായ കൊച്ചിയിൽ ജനുവരി 18,19 തീയതികളിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീററ് (GIM) കേരളത്തിന്റെ രാഷ്ട്രീയ വ്യവസായ മേഖലകളിൽ വിഭിന്നങ്ങളായ പ്രതികരണങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്.കേരള സർക്കാർ 26000 കോടി രൂപയുടെ ആദ്യഘട്ട നിക്ഷേപം ഉടനടി ഉണ്ടാകുമെന്ന് പ്രഖ്യാപിച്ച് നടത്തിയ ഈ മീററിന് മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെ നിർലോഭമായ സഹകരണവും ഉണ്ടായിരുന്നു.

ഉത്ഘാടനത്തിന് പ്രധാനമന്ത്രി എത്തിയത് മീററിന് ഇന്ത്യയൊട്ടാകെ പ്രചരണം ലഭിക്കുന്നതിന് സഹായകമാവുകയും ചെയ്തു. നിക്ഷേപക സൗഹൃദ സംസ്ഥാനമല്ല കേരളമെന്ന ധാരണയില്ലാതാക്കാൻ ഈ മീററിലൂടെ ഒരു പരിധിവരെ കഴിഞ്ഞുവെന്നല്ലാതെ കാര്യമായ മററൊരു പുരോഗതിയും ജിമ്മിലൂടെ ഉണ്ടായില്ല എന്നതാണ് വാസ്തവം. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കണക്ക് പ്രകാരം 95 ധാരണാ പത്രങ്ങളാണ് നിക്ഷേപക സമ്മേളനത്തിൽ ഒപ്പു വച്ചിട്ടുള്ളത്. കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണവും ചവറയിലെ ധാതുമണൽ സംസ്കരണ ഫാക്ടറിയും കൂടി 4450 കോടിയുടെ നിക്ഷേപമാകും. വിനോദസഞ്ചാര മേഖലയിൽ ഏഴു പ്രോജക്ടുകളിലായി 745 കോടിയുടേയും ആരോഗ്യ മേഖലയിൽ 13 പ്രോജക്ടുകളിലായി 1875 കോടിയുടേയും തുറമുഖ മേഖലയിൽ ഒരു പദ്ധതിയിൽ 350 കോടിയുടേയും ധാരണാപത്രങ്ങൾ ഒപ്പു വച്ചിട്ടുണ്ട്. 28 ധാരണാപത്രങ്ങളിലായി സർക്കാർ ഏജൻസിയായ കിൻഫ്ര 559 കോടിയുടെ പദ്ധതികളുടെ കരാറാണ് ഒപ്പിട്ടുള്ളത്.

കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള രണ്ട് പൊതു മേഖലാ സ്ഥാപനങ്ങൾ കേരളത്തിൽ 4450 കോടി രൂപ ഉടൻ മുതൽ മുടക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.(പ്രധാന മന്ത്രിയുടെ 10000 കോടി പദ്ധതിയിൽ ഇത് ഉൾപ്പെടും) അതിനു പുറമെ റിലയൻസ് ഗ്രൂപ്പ് ചെയർമാൻ മുകേഷ് അംബാനി ഐ.ടി മേഖലയിൽ മുതൽ മുടക്കാൻ തയ്യാറായി വന്നിട്ടുണ്ട്. ഇവ രണ്ടുമാണ് പ്രധാനപ്പെട്ട നേട്ടങ്ങളായി സർക്കാരിന് അവകാശപ്പെടാനുള്ളത്. ബാക്കി നിക്ഷേപം കേവലം 1000 കോടി രൂപക്കുള്ളിൽ ഒതുങ്ങും. ആഗോള നിക്ഷേപക സമ്മേളനത്തിന് യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും ഒരൊററ നിക്ഷേപകൻ പോലും എത്താത്തത് വ്യാവസായിക മേഖലയിൽ അമ്പരപ്പ് സൃഷ്ടിച്ചിട്ടുണ്ട്. ഈ മീററിന്റെ പ്രചരണാർത്ഥം അമേരിക്കയിലും യൂറോപ്പിലും റോഡ് ഷോ നടത്താൻ വേണ്ടി സർക്കാർ ഖജനാവിൽ നിന്നും ലക്ഷങ്ങളാണ് ചെലവാക്കിയത്.മാത്രമല്ല ഇൻഫോസിസിന്റെ ചെയർമാൻ നാരായണമൂർത്തിയും ഈ മേളയിൽ അഭാവം കൊണ്ട് ശ്രദ്ധേയനായി.

ഗൾഫിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളും അവർക്ക് മുതൽമുടക്കുള്ള ഗൾഫിലെ കമ്പനികളുമായിരുന്നു ജിമ്മിൽ കുറേയേറെ പദ്ധതികളുമായി എത്തിയത്. ഈ പദ്ധതികളിൽ മിക്കതും മെഡിക്കൽ കോളേജുകളും ഐ.ടി സെന്ററുകളും റോഡു നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. പ്രത്യുൽപ്പാദന മേഖലയിൽ പണം മുടക്കാൻ ആരും തയ്യാറാകാത്തത് കേരളസർക്കാരിന്റെ പിടിപ്പു കേടായാണ് സാമ്പത്തിക വിദഗ്ധർ പറയുന്നത്. പരമ്പരാഗത വ്യവസായ മേഖലയിലേക്ക് നിക്ഷേപം ആകർഷിക്കാൻ സർക്കാരിന് കഴിയാതെ പോയതിനെ തൊഴിൽ മന്ത്രി ബാബു ദിവാകരൻ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. കണ്ണൂരിൽ ഒരു വിമാനത്താവളം നിർമ്മിക്കാനുള്ള പദ്ധതിയുമായി ഒരു കമ്പനി മുന്നോട്ടു വന്നിട്ടുണ്ട്. വെറും 600 കിലോ മീറററിനുള്ളിൽ നാലാമത് (തിരുവന്തപുരം, കൊച്ചി, കോഴിക്കോട്) ഒരു വിമാനത്താവളത്തിന്റെ ആവശ്യമില്ലായ്മയെക്കുറിച്ചുള്ള ചർച്ചകൾ ഗൗരവമായി നടക്കുന്നതിനിടയാണ് ഈ പദ്ധതി സർക്കാരിന് മുൻപാകെ സമർപ്പിക്കപ്പെട്ടിരിക്കുന്നത്.

കേരളത്തിന്റെ പരിസ്ഥിതിയെ ചൂഷണം ചെയ്യാനുള്ള ചില നീക്കങ്ങൾ ജിമ്മിൽ നടന്നുവെങ്കിലും രാഷ്ട്രീയത്തിനതീതമായ ചെറുത്ത് നിൽപ്പ് കാരണം കൂടുതൽ ചർച്ചകൾക്കായി അത് മാററി വച്ചിരിക്കുകയാണ്.കടൽ മണൽ ഖനനം ചെയ്യുന്നതിനുള്ള പദ്ധതിയാണ് മാററി വച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി കടൽ മണൽ ഖനനം ചെയ്താൽ കോടിക്കണക്കിന് രൂപയുടെ മത്സ്യ സമ്പത്തും കടലിലെ ആവാസ വ്യവസ്ഥയും നശിക്കും. പരമ്പരാഗത മേഖലയായ മത്സ്യ ബന്ധന മേഖല പാടെ തകരുകയും ലക്ഷക്കണക്കിന് കുടുംബങ്ങൾ ജീവിതത്തിന്റെ പിന്നാമ്പുറത്തേക്ക് വലിച്ചെറിയപ്പെടുകയും ചെയ്യും. കൊല്ലം ജില്ലയിലെ ചവറ മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി പാലം വരെയുള്ള തീരദേശത്തെ കരിമണൽ കടത്താനും ഒരു ബഹുരാഷ്ട്രകമ്പനി ശ്രമിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ അറിവായിട്ടില്ല.

ഇതൊക്കെയാണെങ്കിലും ജിമ്മിൽ കരാറായ പദ്ധതികൾ വേഗത്തിൽ നടത്താനായി ഫാസ്ററ് ട്രാക്ക് പദ്ധതിക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇന്ത്യയിൽ പദ്ധതികൾക്ക് പഞ്ഞമില്ല, എന്നാൽ നടത്തിപ്പാണ് പ്രയാസമെന്ന് പ്രസിദ്ധ സാമ്പത്തിക വിദഗ്ധൻ ജയറാം രമേഷ് പറഞ്ഞത് ഓർമ്മിക്കുക ഈയവസരത്തിൽ നല്ലതാകും.

മൊത്തം 26000 കോടി ലക്ഷ്യമിട്ട് അതിന്റെ പകുതിയെങ്കിലും പ്രാവർത്തികമാവുമെന്ന പ്രതീക്ഷയിലാണ് കേരളത്തിലെ 44 ലക്ഷത്തോളം വരുന്ന തൊഴിൽ രഹിതർ. എന്തായാലും കേരള ജനതക്ക് ഒരു കാര്യത്തിൽ ആശ്വസിക്കാം. ആന്ധ്രയും കർണ്ണാടകയും നടത്തിയ ആഗോള നിക്ഷേപക സമ്മേളനങ്ങൾ തികഞ്ഞ പരാജയങ്ങളായി മാറിയപ്പോൾ ഉദ്ദേശിച്ചതിന്റെ പകുതിയെങ്കിലും കേരളത്തിൽ നടക്കുമെന്ന പ്രത്യാശയെങ്കിലും ജിമ്മിലൂടെ കേരളീയർക്ക് ഉണ്ടായിട്ടുണ്ട്. മാത്രമല്ല പ്രത്യശാസ്ത്ര ഭിന്നതകൾക്കപ്പുറം യോജിപ്പിന്റെ മേഖലകളിലേക്ക് കടക്കുന്നത് അത്ര കഠിനമൊന്നും അല്ലെന്ന് കേരളത്തിലെ ഭരണ-പ്രതിപക്ഷങ്ങൾ തെളിയിക്കുകയും ചെയ്തു. വരും നാളുകൾ കേരളത്തിന് നല്ല നാളുകളാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**ഓർമക്കുറിപ്പ്**

# എൻ.പി. മുഹമ്മദ്

**കെ.ജെ. ജോണി**

മലയാളത്തിലെ പ്രശസ്ത സാഹിത്യകാരനും കേരള സാഹിത്യ അക്കാദമി പ്രസിഡണ്ടുമായിരുന്ന എൻ പി. മുഹമ്മദ് അന്തരിച്ചു. ഏക ദേശം നാലുകൊല്ലംമുമ്പ് 1998 ലാണ് അറബിപ്പൊന്നിന്റെ തിളക്കവും ദൈവത്തിന്റെ കണ്ണുകളുമുള്ള കഥാകൃത്തുമൊത്ത് കോവിലന്റെ തട്ട കത്തേയേക്ക് കാറിലൊരു യാത്രപോയത്. തൃശൂർ യാത്രിനിവാസിൽ നിന്ന് മറ്റൊരു പ്രശസ്ത കഥാകൃത്തിനെയും അരിയന്നൂരിൽ എത്തി ക്കുക എന്നൊരു ദൗത്യവും കോവിലനെ ആദരിക്കുന്ന ചടങ്ങിൽ പങ്കെ ടുക്കാനുള്ള ആവേശവുമാണ് എനിക്കുണ്ടായിരുന്നത്. പ്രശസ്ത ക ഥാകൃത്തും എൻ.പി.യും തമ്മിൽ സംസാരിക്കുന്നതു കേൾക്കാം എന്നു മനസ്സിൽ വിചാരിച്ചു. ഒരു ദീർഘസുഖയാത്ര !

കാർ, നഗരം ചുറ്റി വടക്കുംനാഥനെ വണങ്ങി എം.ജി.റോഡി ലേക്കു കടന്നു. ഡ്രൈവർക്കു നേരത്തെ നിർദ്ദേശം കൊടുത്തിരുന്നു ലാലൂർക്ക് പോകണം എന്ന്. തട്ടകം പുസ്തകം ബൈൻഡിങ്ങ് കഴിഞ്ഞത് അവിടെനിന്നു കാറിൽ കയറ്റണം. തൃശൂരിന്റെ മാലിന്യ ക്കൂമ്പാരത്തിലൂടെ തട്ടകവും കയറ്റി അരിയന്നൂർക്ക് തിരിഞ്ഞു. കുറെ കഴിഞ്ഞപ്പോൾ കാറിൽ ഒരാൾമാത്രം. ശബ്ദത്തോടെ വളരെ വൈകാ രികമായി ഒച്ചവയ്ക്കുന്നു. മുഖത്ത് ഭിന്നഭാവങ്ങൾ ! എന്തൊക്കെയോ കുറ്റപ്പെടുത്തൽ ! ഒന്നും കേട്ടഭാവം നടിക്കാതെ താനീ ലോകത്തില ല്ലെന്ന മട്ടിൽ നിസ്സംഗനായി, നിശ്ചലനായി എൻ.പി.കാറിൽ ചാരിക്കി ടന്നു.

ആരോടായിരിക്കാം എന്തിനായിരിക്കാം ഈ പ്രശസ്ത കഥാ കൃത്ത് സംസാരിച്ചത്? എന്നോട് ഒട്ടും തന്നെ വൈകാരിക അടുപ്പമോ പരിചയമോ ഇല്ല. എൻ.പി.യാണെങ്കിൽ ഒന്നും കേട്ടതായി നടിക്കു ന്നുമില്ല. രണ്ടു കഥാകൃകൃത്തുക്കളുടെ രണ്ടു രീതിയിലുള്ള പ്രതികര ണസ്വഭാവം സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഈ യാത്രാസംഭവം ഇവിടെ ഉദ്ധരിച്ചത്. ആര് കുറ്റംപറഞ്ഞാലും അതിനു മറുപടി പറയുക എൻ.പി.യുടെ ഉത്തരവാദിത്വമല്ല. മറ്റുള്ളവരെപ്പറ്റി അനാവശ്യവാക്കു കൾ ഉച്ചരിക്കുക എന്നതൊന്നും എൻ.പി.യുടെ ജീവിതചക്രത്തിൽ ഇല്ല.

ഖുറാനും ഭാഗവതവും ബൈബിളും പഠിച്ച് മിത്തുകളെ ആധു നികകാലത്തിന്റെ സന്ദേശമാക്കി മാറ്റിയ എൻ.പി.മുഹമ്മദിന്റെ സഹി ഷ്ണുത ഒരു ഗാന്ധിയൻ പാരമ്പര്യത്തിന്റെ തുടർച്ചയായി കിട്ടിയതാ ണ്. കോഴിക്കോട് കല്ലായി പുഴയുടെ തീരത്ത് എണ്ണപ്പാടത്ത് ജനിച്ച എൻ.പി. മുഹമ്മദ് മലയാളത്തിൽ പുതിയ ഒരു ഭാഷയും സൗന്ദര്യവും വെളിപ്പെടുത്തി. എണ്ണപ്പാടത്തിന്റെ കരുത്തും അറബിപ്പൊന്നിന്റെ തിള ക്കവുമുള്ള ഒരു ദേശമെഴുത്ത്.

സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസ്സ് പ്രവർത്തകനുമാ യിരുന്ന എൻ.പി. അബുവായിരുന്നു പിതാവ്. മരക്കച്ചവടക്കാരനായ പൊറാട്ട് അബു എന്ന ഈ മനുഷ്യൻ അബ്ദുൾ റഹിമാൻ സാഹിബി ന്റെയും മൊയ്തുമൗലവിയുടെയും ഉറ്റ സുഹൃത്തും സന്തതസഹചാ രിയുമായിരുന്നു. പിതാവിന്റെ രാഷ്ട്രീയപ്രവർത്തനം മൂലമുണ്ടായ കുടുംബത്തിന്റെ പ്രാരാബ്ധങ്ങളിൽ വയറെരിഞ്ഞും കണ്ണു കലങ്ങിയും എൻ.പി. വളർന്നു. ജീവിതത്തിന്റെ വസന്തകാലത്തെക്കുറിച്ചുള്ള സ്വപ്ന ങ്ങൾ മനസ്സിൽ അടക്കിവച്ചു. കുടുംബത്തിന്റെയും ദേശത്തിന്റെയും ദാരിദ്ര്യം കണ്ടു വളർന്ന കുട്ടിയിൽ ലാളിത്യത്തിന്റെയും സഹിഷ്ണു തയുടെയും വേരുകൾ ആഴ്ന്നിറങ്ങി.

പഠിക്കുന്ന കാലത്തുതന്നെ പിതാവിനോടൊപ്പം രാഷ്ട്രീയസാ മൂഹ്യപ്രവർത്തനങ്ങളിൽ ശ്രദ്ധാലുവായിത്തീർന്നു. കുന്നിക്കൽ മാധ വൻ എന്ന കോൺഗ്രസ്സ് നേതാവിന്റെ പ്രസംഗം കേൾക്കാൻ ബാപ്പ തന്നെ കൊണ്ടുപോയ വിവരം എൻ.പി. സൂചിപ്പിക്കുന്നുണ്ട്.

രാഷ്ട്രീയവും പഠനവും കഴിഞ്ഞ് കോഴിക്കോട്ടെ സാഹിത്യസാം സ്കാരിക കൂട്ടായ്മകളിൽ സജീവമായിതീർന്നു. ലോകത്തെ ഏറ്റവും പുതിയ പുസ്തകങ്ങൾ, ചിന്തകൾ എല്ലാം ഈ സംഘത്തിന്റെ സംവാ ദവിഷയങ്ങളായിത്തീർന്നു. എം. ഗോവിന്ദൻ, പൊറ്റെക്കാട്, പട്ടത്തുവി ള, എം.ടി, ദേവൻ, തിക്കൊടിയൻ, കൊടുങ്ങല്ലൂർ, പി.സി. തുടങ്ങിയവ രെക്കൊണ്ട് സമ്പന്നമായിരുന്നു എൻ.പി.യുടെ സംഘം. പല കാലങ്ങ ളിൽ പല ദേശങ്ങളിൽനിന്ന് എത്തിപ്പെട്ടവർ.

അലംകൃതഭാഷയില്ലാതെ ലളിതമായ ശൈലിയിൽ വെടിപ്പായും വൃത്തിയായും കഥ പറയുന്ന എൻ.പി. തന്റെ വൈയക്തികവ്യഥകളും സാമൂഹ്യദുരന്തങ്ങളും ഒരേപോലെ തന്റെ കൃതികളിൽ ആവിഷ്ക്കരി ച്ചു. എൻ.പി.യുടെ കൃതികളിൽ അകന്നു നിന്നു പരിഹസിക്കുന്ന ഒരു തരം സിനിസിസമാണ് ശക്തമായിട്ടുള്ളത്. ഇന്നലെ വരെ കാണാത്ത പുതിയതൊന്ന് എൻ.പി.സാഹിത്യത്തിൽ തെളിഞ്ഞു കാണാം. സ്വയം നവീകരിക്കുക, തന്റെ വായനയിലൂടെ തന്റെ അഴുക്കുകൾ പുറത്തേക്കു കളയുക എന്നതായിരുന്നു എൻ.പി.യുടെ ശക്തി.

എല്ലാ സമഗ്രാധിപത്യത്തിനെതിരെയും ശക്തമായി നിലപാടെ ടുക്കുകയും പ്രതിഷേധിക്കുകയും ചെയ്തു ഈ കലാകാരൻ. ഇന്ത്യൻ ജനാധിപത്യത്തിന്റെ അപചയത്തെക്കുറിച്ച് ഒരു പ്രവചനം പോലെ പിറന്ന ഹിരണ്യകശിപുവിൽ അനുഭവത്തിന്റെ സൂക്ഷ്മതയും ലാളി ത്യവും ഭാഷയിൽ തെളിഞ്ഞുകിടക്കുന്നുണ്ട്. ഭാഷയുടെ ലയവും താളവും പ്രകൃതിയിൽ സംഗമിക്കുന്ന സംഗീതമായിരുന്നു തന്റെ ഭാവം. പ്രകൃതിയോടുള്ള അഭേദ്യമായ ബന്ധം ദൈവത്തിന്റെ കണ്ണിൽ കാണാം. പലതലങ്ങളും അടരുകളുമുള്ള നോവലാണിത്. എൻ.പി. തന്നെ ഇങ്ങനെ പറയുന്നു: പ്രകൃതി അമ്മയാണെന്നുള്ളത് ഭാരതീയ സങ്കല്പം മാത്രമല്ല ഇസ്ലാമിക സങ്കല്പംകൂടിയാണ്. മാതാവിന്റെ കാൽക്കീഴിലാണു സ്വർഗ്ഗം എന്ന് നബിവചനമുണ്ട്. നമ്മുടെ പരിസ്ഥി തിപ്രശ്നങ്ങൾ സാംസ് കാരികരംഗത്ത് സജീവമായി മാറിയ ഘട്ടത്തി ലാണ് ദൈവത്തിന്റെ കണ്ണ് പുറത്തുവരുന്നത്. എൻ.പി.യുടെ ഈ കൃതി സമർപ്പിച്ചിട്ടുള്ളത് പരിസ്ഥിതി പ്രവർത്തകർക്കാണ്.

മുസ്ലീം സമുദായത്തിനകത്തെ നവീകരണത്തിനുവേണ്ടി നില കൊണ്ടു എൻ.പി. മുഹമ്മദ്. ഒരു സാഹിത്യകാരനെന്നതിലുപരി ഒരു സാമൂഹ്യ-രാഷ്ട്രീയ ചിന്തകന്റെ റോളാണ് എൻ.പി.ക്കുള്ളത്. എൻ. പി.യുടെ ഇത്തരമൊരു സംഭാവനയുടെ വലുപ്പം എത്രയെന്ന് മലയാളി മനസ്സിലാക്കിയോ എന്ന് സംശയമുണ്ട്. നാളെ ചരിത്രം അങ്ങനെ വായി ക്കാൻ ഇടവരണം. യാഥാസ്ഥിതിക മുസ്ലീമിനെതിരെ ധിക്കാരപരമായി നിലപാടെടുത്ത എൻ.പി.സെക്കുലർ ഡെമോക്രസിയുടെ പ്രമുഖ വക്താ വായിരുന്നു. ഇന്ത്യയിൽതന്നെ ആദ്യമായി മുസ്ലീം സ്ത്രീയുടെ അവ കാശങ്ങളുടെ പ്രശ്നം ഉയർത്തിയത് എൻ.പി.യാണ്. അറുപതുകളിൽ എറണാകുളത്തുവച്ചുനടന്ന ചരിത്രപ്രസിദ്ധമായ സെമിനാറിൽ മുസ്ലീം സ്ത്രീയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ച പ്രബന്ധം കേട്ട് യാഥാ സ്ഥിതികപക്ഷം ഞെട്ടി. മുസ്ലീം വ്യക്തിനിയമത്തിലെ ശരി അത്ത് വ്യവ സ്ഥകൾ പരിഷ്ക്കരിക്കപ്പെടണം എന്ന് മുസ്ലീം സമൂഹത്തോട് ഉറക്കെ പറഞ്ഞു. തന്റെ സമൂഹത്തിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി നിലകൊണ്ട എൻ.പി. 1970ൽ ഇസ്ലാം ആന്റ് മോഡേൺ ഏജ് സൊസൈറ്റി സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്തു. വധിക്കപ്പെട്ട എഴു ത്തുകാരൻ ചേകന്നൂർ മൗലവിയും ഇതിന്റെ പ്രവർത്തകനായിരുന്നു. സുകുമാർ അഴീക്കോടുമായി ചേർന്ന് നവഭാരതവേദി രൂപീകരിക്കു കയും അതിന്റെ പ്രവർത്തനങ്ങളിൽ സജീവമാവുകയും ചെയ്തു. എൻ. പി. എത്രയോ പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററായും പത്രാധിപസമി തിയംഗമായും പ്രവർത്തിച്ചു. ഇന്ത്യൻ മുസ്ലീംങ്ങളും സെക്കുലർ ഡെമോ ക്രസിയും എന്ന എൻ.പി.യുടെ ഗ്രന്ഥം ഇന്ത്യയിൽതന്നെ അപൂർവ ചിന്താ പുസ്തകമാണ്. ദിശാബോധം നഷ്ടപ്പെട്ട ഇന്ത്യൻ മുസ്ലീംസമൂ ഹത്തോട് സംസാരിക്കുന്നതാണ് ഈ ഗന്ഥം. മാനുഷികതയുടെയും കാരുണ്യത്തിന്റെയും സന്ദേശം ഖുറാന്റെ വെളിച്ചത്തിൽ ചരിത്രപര മായി വിശകലനം ചെയ്യുന്ന ലേഖനങ്ങളാണ് ഈ പുസ്തകത്തിലു ള്ളത്.

# നിഴൽക്കുത്തുമായി അടൂർ ഗോപാലകൃഷ്ണൻ

**ഹരികുമാർ അഞ്ചൽ**

"സംവിധായകന്റെ സ്വയം വെളിപ്പെടുത്തലുകളാണ് സിനിമ" പറയുന്നത് മലയാളികളുടെ പ്രിയപ്പെട്ട സംവിധായകൻ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ. മുഖ്യധാരാ കച്ചവട സിനിമകളുടെ പാതയിൽ നിന്നും വ്യതിചലിച്ച് സ്വതസിദ്ധമായ ശൈലിയിൽ കഥ പറയുന്ന അടൂർ തന്റെ പുതിയ ചിത്രമായ "നിഴൽക്കുത്തു" മായി പ്രേക്ഷകരിലേക്കെത്താനുള്ള ശ്രമത്തിലാണ്. ഏഴാണ്ടുകൾ നീണ്ട ഒരു വനവാസത്തിന്റെ അനുഭവങ്ങളിൽ നിന്നും പര്യവേഷണങ്ങളിൽ നിന്നും കരുത്താർജ്ജിച്ച് അനുവാചകരുടെ സംവേദന മണ്ഡലത്തിൽ തങ്ങി നിൽക്കത്തക്ക വിധം അദ്ദേഹം ഈ ചിത്രം അഭ്രപാളികളിൽ ലയിപ്പിച്ചിരിക്കുന്നു. മരണശിക്ഷയ്ക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും എതിരേയുള്ള ശബ്ദം എന്ന് വിദേശീയരാൽ പോലും വിശേഷിപ്പിക്കപ്പെട്ട ഈ ചിത്രം പ്രേക്ഷക മനസ്സിൽ ഒരു ചെറിയ നീറ്റലെങ്കിലും ഉണ്ടാക്കും എന്നത് നിസ്തർക്കമാണ്. പ്രണയത്തിന്റെയും മരണത്തിന്റെയും സങ്കലിതമായ ഒരു ചട്ടക്കൂടിനുള്ളിൽ, സാഹചര്യങ്ങളുടെ കുടുക്കിൽ പിടയുന്ന കുറെ മനുഷ്യജന്മങ്ങളെ ഹൃദ്യമായി വരച്ചുകാട്ടുകയാണ് അടൂർ. വിജയപരാജയങ്ങളുടേയും കളക്ഷൻ റിക്കോർഡുകളുടേയും കണക്കെടുപ്പിലുപരി മലയാള സിനിമക്ക് ഒരു വ്യത്യസ്ത മുഖമുണ്ടെന്ന് വീണ്ടും തെളിയിക്കാനാണ് സംവിധായകൻ ശ്രമിക്കുന്നത്.

മഹാഭാരത കഥയിൽ പാണ്ഡവരെ വധിക്കാൻ ദുര്യോധനൻ സ്വീകരിച്ച ഒരു മാർഗ്ഗമാണ് 'നിഴൽക്കുത്ത്' ദുര്യോധനന്റെ നിർദ്ദേശപ്രകാരം ദുർമന്ത്രവാദി പാണ്ഡവരുടെ നിഴലിനെ ആക്രമിക്കുമ്പോൾ അവരോരുത്തരായി മരിച്ചു വീഴുന്നതായും ഐതിഹ്യത്തിലുണ്ട്. ഇതേ പോലെ തന്നെ നിഴലും നിജവും ഒന്നായി തീരുന്ന ഒരവസ്ഥയാണ് ചിത്രത്തിന്റെ പ്രതിപാദ്യം.

സ്വതന്ത്ര പൂർവ്വ ഭാരതത്തിലെ തിരുവിതാംകൂർ രാജ്യത്ത് 1940 കളിൽ നടക്കുന്നതായിട്ടാണ് കഥ ചിത്രീകരിച്ചിരിക്കുന്നത്. വധശിക്ഷ വിധിക്കപ്പെട്ട പ്രതികളെ തൂക്കിലേറ്റാൻ പുറം ദേശത്ത് നിന്ന് ആരാച്ചരെ കൊണ്ട് വന്ന് താമസിപ്പിക്കുന്ന പതിവ് അന്ന് നിലവിലിരുന്നു. കരമൊഴിവായി ഭൂമി, പണം തുടങ്ങി മറ്റാനുകൂല്യങ്ങളും പ്രതിഫലമായി ആരാച്ചാർക്കു ലഭിച്ചു പോന്നു. പരമ്പരാഗത ഉപജീവന മാർഗ്ഗം വെടിയാനുള്ള മടിയും രാജാജ്ഞയോടുള്ള ഭയവും സഹജീവികളുടെ കഴുത്തിൽ കൊലക്കയർ മുറുക്കാൻ ആരാച്ചരെ നിർബന്ധിതനാക്കി. തന്റെ കൊലക്കയറിൽ പിടഞ്ഞ പലരും നിരപരാധികളായിരുന്നു എന്ന അറിവ് നിരന്തരം വേട്ടയാടുന്ന കാളിയപ്പൻ (ഒടുവിൽ ഉണ്ണികൃഷ്ണൻ) എന്ന ആരാച്ചാരാണ് ചിത്രത്തിലെ കേന്ദ്ര കഥാപാത്രം. കഥയ്ക്കുള്ളിലെ കഥയായി ഒരു നാടൻ പ്രണയവും ചലച്ചിത്രകാരൻ അവതരിപ്പിക്കുന്നു. ആരാച്ചാരുടെ സങ്കല്പത്തിൽ ഇതൾ വിരിയുന്ന ഈ പ്രണയത്തിന്റെ ഒടുക്കം തന്റെ കൈകളിലാണ് എന്നറിയുമ്പോൾ അയാൾ മരണ വക്ത്രത്തിലെത്തുന്നു.

ആരാച്ചാരിൽ ഒരു ദൈവശക്തി കുടികൊള്ളുന്നുവെന്നും തൂക്കുകയർ കരിച്ച ഭസ്മം സർവ്വരോഗ സംഹാരിയാണെന്നും വിശ്വസിക്കുന്ന ഒരു സമൂഹത്തെ അതിമനോഹരമായി അടൂർ ചിത്രീകരിച്ചിരിക്കുന്നു. ചിത്രം ശ്രദ്ധയോടെ വീക്ഷിക്കുന്ന ഏതൊരാൾക്കും ആ കാലഘട്ടത്തിന്റെ സാമൂഹ്യ പശ്ചാത്തലവും വസ്ത്രവിധാനങ്ങളും മറ്റുമൊരുക്കാൻ സംവിധായകൻ നടത്തിയ പഠനങ്ങൾ കേവലം ഉപരിതല സ്പർശിയല്ലെന്ന് മനസ്സിലാക്കാം. കാളിയപ്പന്റെയും, അപ്രതീക്ഷിതമായി തൂക്കുകയറൊരുക്കേണ്ടി വരുന്ന അഹിംസാവാദിയായ മകന്റെയും, മാനുഷികമായ ബലഹീനതകളുടെ പ്രേരണയിൽ ഭാര്യയുടെ അനിയത്തിയെ ബലാത്സംഗം ചെയ്തു കൊല്ലുന്ന വാസുവിന്റെയുമൊക്കെ മാനസിക സംഘർഷങ്ങൾ കാണികളിലെത്തിക്കാൻ അടൂർ പരമാവധി ശ്രമിച്ചിട്ടുണ്ട്. സങ്കല്പത്തിൽ നിന്നും യാഥാർത്ഥ്യത്തിലേക്കുള്ള യാത്രയിലുടനീളം ആരാച്ചാരെ അനുവാചകൻ അനുധാവനം ചെയ്യുന്നു എന്നത് സംവിധാനത്തിന്റെ മേന്മകളിലൊന്നാണ്.

കാളിയപ്പൻ എന്ന കഥാപാത്രത്തിനനുയോജ്യമായ ഇരുണ്ട നിറം ലഭിക്കാൻ ദിവസങ്ങളോളം നനഞ്ഞ തോർത്ത് പുതച്ച് വെയിലത്തിരുന്നു എന്നതിൽ നിന്നും ഒടുവിൽ എന്ന നടന്റെ കഥാപാത്രത്തോടു താദാത്മ്യം പ്രാപിക്കാനുള്ള ഒടുങ്ങാത്ത അഭിനിവേശം വെളിവാകുന്നു. ഭരത് മുരളിയുടെ വാസുവും, നെടുമുടിയുടെ, കഥ പറയുന്ന ജയിൽ വാർഡനുമൊക്കെ മനസ്സിൽ തങ്ങി നിൽക്കുന്നുണ്ടെങ്കിൽ സംവിധായകന്റെ ആശയങ്ങളെ അവർ ശരിക്കും ഉൾക്കൊണ്ടു എന്ന് തുറന്നു സമ്മതിക്കേണ്ടി വരും. മലയാളത്തിലെ മുൻ നിരക്കാരായ താരങ്ങളെ തികച്ചും വ്യത്യസ്തമായ മോൾഡിലാണ് സംവിധായകൻ അണി നിരത്തിയിരിക്കുന്നത്. എന്നുമെന്നപോലെ പുതുമുഖ താരങ്ങളെ ഇക്കുറിയും അർഹമായ പ്രാധാന്യത്തോടെ തന്നെ അടൂർ അവതരിപ്പിച്ചിരിക്കുന്നു.

വനവാസത്തിനു ശേഷം നിഴൽക്കുത്തുമായി അടൂർ പതിവിൽ നിന്നും വ്യത്യസ്തമായി സിനിമാസ്കോപ്പിലാണ് ഈ ചിത്രം ചലച്ചിത്രകാരൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രകൃതിയെ അതിന്റെ പൂർണ്ണമായ വ്യാപ്തിയിൽ പ്രേക്ഷകരിലെത്തിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. പുതിയ ഛായാഗ്രഹണ തന്ത്രങ്ങളുമായി രവിവർമ്മനും, സണ്ണി ജോസഫും ഈ ചിത്രത്തിൽ പ്രവർത്തിച്ചിരിക്കുന്നു. നാഞ്ചിനാടിന്റെ നിറഭേദങ്ങളെ ഒപ്പിയെടുക്കാൻ ഇവരുടെ ക്യാമറകണ്ണുകളിൽ വിരിഞ്ഞ ലോംഗ് ഷോട്ടുകൾക്കായിട്ടുണ്ട്. ശബ്ദലേഖനത്തിന് വൈദേശിക സഹായവും നൂതന സംവിധാനങ്ങളും ലഭിച്ച ഈ ചിത്രത്തിൽ, സന്ദർഭത്തിന്റെ സ്വാഭാവികത വർദ്ധിപ്പിക്കാൻ നാഞ്ചിനാടൻ കാറ്റിന്റെ മൂളലും വണ്ടിന്റെ മുരൾച്ചയും, ബലിക്കാക്കകളുടെ കരച്ചിലുമൊക്കെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അഭിനേതാക്കളുടെ ഭാവപ്രകടനങ്ങൾക്ക് പരമാവധി പിന്തുണ വാഗ്ദാനം ചെയ്യുന്നതോടൊപ്പം നമ്മുടെ തരളവികാരങ്ങളെ ഉണർത്താനും പര്യാപ്തമായ സംഗീതം ഇളയരാജ ഈ ചിത്രത്തിൽ സമന്വയിപ്പിച്ചിരിക്കുന്നു.

പ്രകൃതിഭംഗിയും, പ്രണയവും, ബലാത്സംഗവുമെല്ലാം കൂട്ടികലർത്തി അടൂരും കൊമേഴ്സ്യലിസത്തെ മനസ്സാവരിക്കാൻ തയ്യാറെടുക്കയാണോ എന്ന് വിമർശകർ സംശയിച്ചേക്കാം. മലയാളത്തിലെ മുൻനിര താരങ്ങളുടെ വൻനിര ഈ സംശയത്തിന് ഉപോത്ബലകമായിത്തീരാനും സാധ്യതയുണ്ട്. അന്താരാഷ്ട്രതലത്തിൽ പ്രകൃതി സൗന്ദര്യത്തിനുള്ള മാർക്കറ്റ് സ്വന്തം ചിത്രത്തിന്റെ വിപണനത്തിനായി ഉപയോഗിക്കാനല്ലേ വൈഡ് സ്ക്രീൻ തന്ത്രമെന്ന് ചിലരെങ്കിലും ചോദിക്കുന്നുമുണ്ട്. കേരളീയ സമൂഹത്തിലിന്നും നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളെയും നിഗൂഢ ശാക്ത്യാരാധനയേയുമെല്ലാം ചെറുതായൊന്നു ന്യായീകരിക്കാൻ സംവിധായകൻ തുനിഞ്ഞു എന്നത് പരമാർത്ഥവുമാണ്. ചിത്ര സന്നിവേശത്തിന്റെ താളം ചിലയിടത്ത് നഷ്ടമായി എന്നതും ചൂ ണ്ടിക്കാണിക്കപ്പെടാവുന്ന ഒരു പിഴവാണ്.

വിദേശീയരെക്കാൾ തന്റെ ചിത്രത്തിന്റെ ആസ്വാദകർ കേരളത്തിലാണെന്നു ള്ള അടൂരിന്റെ വാദ വും കേരളത്തിലെ യുക്തിവാദികളുടെ എണ്ണം തുച്ഛമാണെന്നുള്ള തിരിച്ചറിവും വിമർശന ശരങ്ങളെ നേരിടാൻ അല്പമെങ്കിലും പര്യാപ്തമാണെന്നു കരുതാം. മനുഷ്യാവകാശ പ്ര ശ്നങ്ങൾ ചർച്ച ചെയ്യുന്ന ലോകത്തിലെ ഏറ്റവും മികച്ച പത്തു ചിത്രങ്ങളിലൊന്നായി ആംനസ്റ്റി ഇന്റർനാഷണലാൽ തിരഞ്ഞെടുക്കപ്പെട്ടതും വിദേശരാജ്യങ്ങളിൽ നിന്നും ലഭിച്ച നല്ല പ്രതികരണവും അടൂരിനെ ശരിവയ്ക്കുകയും ചെയ്യും. മറിച്ച് തനിക്ക് തെറ്റ് പറ്റിയെന്ന് അടൂർ തുറന്ന് സമ്മതിച്ചാൽപ്പോലും കാലം ഒരു വ്യക്തിയുടെ കാഴ്ചപ്പാടിലുണ്ടാക്കിയേക്കാവുന്ന അനിവാര്യമായ മാറ്റമായി അതിനെ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത അടൂരിന്റേയും നല്ല സിനിമയുടെയും ആസ്വാദകർ കാട്ടിയേക്കാം.

**അനന്തരം**

തന്നെപ്പോലുള്ള സംവിധായകരുടെ സിനിമകളെ വിതരണക്കാർ ഒഴിവാക്കുന്നു എന്ന് അടൂർ പരിഭവിക്കുന്നു. കച്ചവട സിനിമകൾ വിതരണത്തിനെടുത്ത് തീയറ്ററുകളിലെത്തിക്കുന്നവർ പോലും അരി വാങ്ങാൻ കാശില്ലാതെ വിഷമിക്കുന്ന ഈ സമയത്ത് വിതരണക്കാരെ കുറ്റം പറയാനൊക്കുമോ ? സിനിമാ പ്രതിസന്ധിയുടെ സമസ്ത മുഖങ്ങളും നന്നായി അറിയാവുന്ന അടൂർ GIM നും വളരെ മുമ്പ് തന്നെ തന്റെ സിനിമയുടെ നിർമ്മാണത്തിന് വിദേശപങ്കാളിത്തം ഉറപ്പാക്കാൻ ഫ്രാൻസിലേക്ക് വണ്ടി കയറിയതിന് അദ്ദേഹത്തെയും കുറ്റപ്പെടുത്താമോ?

# ഓർമ്മയുടെ സമരവുമായി പ്രിയനന്ദനൻ

**വി.കെ. സൻജു**

*അധികാരത്തിനെതിരായ മനുഷ്യന്റെ പോരാട്ടം മറവി ക്കെതിരായ ഓർമ്മയുടെ പോരാട്ടമാണ്.*

*-മിലാൻ കുന്ദേര*

മറവിക്കെതിരായ സമരത്തിന് പ്രിയനന്ദനൻ തെരഞ്ഞെടുത്തത് ചലച്ചിത്രത്തിന്റെ വഴിയായിരുന്നു. വിസ്മരിക്കപ്പെടുന്ന ഭൂത കാലമാണ് ഈ തലമുറയുടെ ശാപം, 2002-ലെ മികച്ച പുതുമുഖ സംവിധായകനുള്ള കേരള സംസ്ഥാന പുരസ്കാരം നേടിയ യുവ സംവിധായകൻ പ്രിയനന്ദനൻ വിലയിരുത്തുന്നു. മറവിയിലാണ്ട ചരിത്രത്തെയും പ്രസ്ഥാനത്തിന്റെ ബലിയാടുകളെയും ജീവി ച്ചിരിക്കുന്ന രക്തസാക്ഷികളെയും ഓർത്തുകൊണ്ട് ഓർമ്മയുടെ സമരം നടത്തുകയാണ് പ്രിയൻ.

മലയാള സിനിമ ഏറ്റവും വലിയ പ്രതിസന്ധി അഭിമുഖീകരിച്ച വർഷമായിരുന്നു 2002. ആ ഘട്ടത്തിലാണ് ജനകീയ സിനിമ എന്ന സങ്കൽപ്പത്തിന്റെ പൂർത്തീകരണമായി നെയ്ത്തുകാരൻ എന്ന ചിത്രത്തിലൂടെ പ്രിയനന്ദനന്റെ വരവ്. ഒഡേസ പോലുള്ള പ്രസ്ഥാനങ്ങൾ ജനകീയ സിനിമക്കു വേണ്ടി നില കൊണ്ടിട്ടുണ്ട്. പക്ഷേ, ജോൺ ഏബ്രഹാമിനെപ്പോലുള്ള വ്യക്തികളുടെ പ്രഭാവ ത്തിലായിരുന്നു അവയുടെയൊക്കെ നിലനിൽപ്പ്, പുതിയ ജനകീയ സിനിമാ സംസ്കാരം പരിചയപ്പെടുത്തിയ പ്രിയൻ അത് തന്നോടു കൂടി ഇല്ലാതാകരുതെന്ന് ആഗ്രഹിക്കുന്നു. അനുകരണീയമായ ഒരു മാതൃകയാണ് അദ്ദേഹം ചലച്ചിത്ര ലോകത്തിന് നൽകിയിരിക്കുന്നത്.

സിനിമകൊണ്ട് നിർമ്മാതാവിന് ലാഭം ഉറപ്പു നൽകാമെന്നു പറഞ്ഞ സംവിധായകൻ അതു പ്രവൃത്തിപഥത്തിലാക്കി കാണിച്ചു കൊടുക്കുകയും ചെയ്തു. വിതരണക്കാരെ കിട്ടാനില്ലെന്നു പറഞ്ഞു വെറുതെ ഇരിക്കാതെ ചെറിയ തീയേറ്ററുകൾ വാടകക്കെടുത്ത് ചിത്രം പ്രദർശിപ്പിക്കുക എന്ന രീതിയാണ് പ്രിയൻ അവലംബിച്ചത്. ദൃശ്യഭാഷക്ക് പുതിയ വ്യാകരണ പാഠങ്ങൾ തേടിയ പ്രിയന് ആദ്യ അംഗീകാരം വന്നത് കാണികളിൽ നിന്നു തന്നെ. യഥാർത്ഥ കാണികൾ ചിത്രം ആസ്വദിച്ചു, അനുഭവിച്ചു, പ്രിയൻ സന്തുഷ്ടി പ്രകടിപ്പിക്കുന്നു. പുതുമുഖ സംവിധായകനുള്ള സംസ്ഥാന പുരസ്കാരം പ്രിയൻ സ്വന്തമാക്കി. മികച്ച നടനുള്ള ദേശീയ പുരസ്കാരം നെയ്ത്തുകാരനിലെ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച മുരളിയും നേടി.

സ്കൂളിൽ വച്ചു തന്നെ വിദ്യാഭ്യാസം അവസാനിപ്പിച്ച് കുടുംബഭാരം പേറേണ്ടി വന്ന പ്രിയനന്ദനൻ അച്ഛൻ കാട്ടി ക്കൊടുത്ത കലയുടെ നാടക വഴി ഉപേക്ഷിച്ചില്ല. ഏറെ നാടകങ്ങൾ സംവിധാനം ചെയ്ത പ്രിയൻ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രേമലേഖനം നാടകമാക്കിയപ്പോൾ കേരളത്തിനകത്തും പുറത്തും ശ്രദ്ധിക്കപ്പെട്ടു. അമച്വർ നാടകവേദിയിൽ നിന്ന് നൂറിലധികം ബെസ്റ്റ് ആക്ടർ അവാർഡുകളും അദ്ദേഹം സ്വന്തമാക്കി. വല്ലച്ചിറ എന്ന തന്റെ പ്രിയപ്പെട്ട ജന്മനാടിന്, കലാഗ്രാമത്തിന്, പ്രിയൻ ഈ പാരമ്പര്യത്തിന്റെ പുണ്യം സമർപ്പിക്കുന്നു.

കെ.ആർ. മോഹനൻ, പി.റ്റി, കുഞ്ഞുമുഹമ്മദ്, എം.എൻ. വിനയകുമാർ തുടങ്ങിയ സംവിധായകരോടൊപ്പം സഹായിയായി പ്രവർത്തിച്ചിട്ടുള്ള പ്രിയനന്ദനന്റെ ആദ്യചിത്രമായ നെയ്ത്തുകാരൻ ആരംഭിച്ചത് സൗഹൃദങ്ങളിൽ നിന്നായിരുന്നു. സംവിധായകനൊപ്പം തിരക്കഥാകൃത്തിന്റെയും സംഗീത സംവിധായകന്റെയും ഛായാ ഗ്രാഹകന്റെയും ആദ്യ ചിത്രമായിരുന്നു അത്. ഒരു കാരണം കൊണ്ടും ചിത്രീകരണം നിർത്തിവയ്ക്കാനിടയാവരുത് എന്ന ദൃഢനിശ്ചയവും സുഹൃത്തുക്കളിൽ നിന്ന് സമാഹരിച്ച പണവു മായി ചിത്രം തുടങ്ങി. എസ്.എം. ദാസ് എന്ന തികച്ചും അപരിചിതനായ മനുഷ്യൻ നിർമ്മാണ ചുമതല ഏറ്റെടുത്തതോടെ അദ്ദേഹത്തിനു സാമ്പത്തിക നഷ്ടം വരരുത് എന്ന കടമ കൂടി പ്രിയൻ ഏറ്റെടുത്തു.

കേരളത്തിലെ കമ്മ്യൂ ണിസ്റ്റ് പ്രസ്ഥാനത്തിന്റെ എക്കാലത്തെയും വലിയ താത്വികാചാര്യനായ ഇ.എം. എസ്. പ്രമേയമാകുന്ന ചിത്രം എന്നു കേട്ടപ്പോൾ തന്നെ മറ്റൊരു വ്യാപാര തന്ത്രം എന്നാണ് പലരും വിലയിരുത്തിയത്. പക്ഷേ, ചിത്രത്തിൽ ഇ.എം.എസ്. പ്രമേയമല്ല, ഒരു നിമിത്തം മാത്രമായിരുന്നു. 1998 മാർച്ച് 19 ന് നടന്ന അദ്ദേഹത്തിന്റെ മരണം എന്ന സംഭവമാണ് ആ നിമിത്തം.

ഇ.എം.എസിന്റെ മരണം അപ്പമേസ്ത്രി എന്ന പഴയ കമ്മ്യൂ ണിസ്റ്റിന്റെ ഒരു ദിവസത്തിൽ ഉണർത്തുന്ന ഓർമ്മകളാണ് നെയ്ത്തു കാരൻ വരച്ചിടുന്നത്. അപ്പമേസ്ത്രി ജീവിക്കുന്ന പരിസരങ്ങളിൽ ആ മരണം സൃഷ്ടിക്കുന്ന ആഘാതങ്ങളും അനുരണനങ്ങളുമായി ചിത്രം പുരോഗമിക്കുന്നു. കേരളത്തിന്റെ അഞ്ചു പതിറ്റാണ്ട് നീളുന്ന രാഷ്ട്രീയ, സാംസ്കാരിക ചരിത്രമാണ് അപ്പമേസ്ത്രിയുടെ 24 മണിക്കൂറിൽ സംക്ഷിപ്തമാക്കുന്നത്. ഇ.എം.എസിന്റെ മരണത്തിൽ തുടങ്ങി ശവദാഹത്തിൽ അവസാനിക്കുന്ന 24 മണിക്കൂർ.

ഇ.എം.എസിന്റെ അന്തരിച്ച മകൻ ഇ.എം. ശ്രീധരൻ നെയ്ത്തു കാരനെക്കുറിച്ച് ഇങ്ങനെയാണ് പറഞ്ഞത്: വീണ്ടും വീണ്ടും വായിക്കണമെന്ന് തോന്നുന്ന, ഓരോ തവണയും വായിക്കു മ്പോൾ പുതിയ അർഥതലങ്ങളിലേക്ക് നമ്മെ ഉയർത്തുന്ന ഒരു പുസ്തകം പോലെ മനോഹരമായ ചലച്ചിത്ര കാവ്യമാണ് നെയ് ത്തുകാരൻ.

ആസ്വാദകന്റെ ബുദ്ധിവ്യായാമത്തിനുള്ള ഉപധിയാകണം സിനിമ എന്ന സങ്കൽപ്പത്തോട് ഞാൻ യോജിക്കുന്നില്ല. എനിക്കു പറയാനുള്ളത് ലളിതമായും വളച്ചുകെട്ടാതെയും പറയുന്നു. സാധാരണ ക്കാരന് മനസ്സിലാക്കാവുന്ന കാര്യങ്ങൾ, പ്രിയനന്ദനൻ പറയുന്നു. ആർട്ട് ഫിലിം എന്ന പേരിൽ പടച്ചു വിടുന്ന മനുഷ്യനു മനസ്സിലാകാത്ത ജാഡ സിനിമകളെ പരിഹസിക്കാനും അദ്ദേഹം മടിക്കുന്നില്ല.

കേരളത്തിൽ വർദ്ധിച്ചു വരുന്ന കുടുംബ ആത്മഹത്യകളെ പ്രമേയമാക്കി ചിത്രമെടുക്കാനുള്ള ഒരുക്കത്തിലാണ് പ്രിയനന്ദനൻ. കാർഷിക കടങ്ങളാണ് ഈ ആത്മഹത്യകൾ മിക്കവക്കും പിന്നിലെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. തിരിച്ചടക്കാനാവാത്ത കടങ്ങൾ മരണത്തിൽ അഭയം പ്രാപിക്കാൻ പ്രേരിപ്പിക്കുന്നത് ഭീതിദമായ കാഴ്ച തന്നെയാണ്. ബഷീറിന്റെ ചെറുകഥയായ ശബ്ദങ്ങൾ സിനിമ യാക്കുക എന്നൊരു പദ്ധതി കൂടി പ്രിയന്റെ മനസ്സിലുണ്ട്. അതിലെ കേന്ദ്ര കഥാപാത്രമായ വിരമിച്ച പട്ടാളക്കാരനെ അവതരിപ്പിക്കാൻ ഭരത് മമ്മൂട്ടിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

നാടകത്തിന്റെ സങ്കേതങ്ങളെ പോലും മനോഹരമായി സിനിമയിൽ പുനരവതരിപ്പിച്ചു കൊണ്ട് ഏറെ വ്യത്യസ്തവും ധൈര്യപൂർണ്ണവുമായ പരീക്ഷണത്തിനാണ് അദ്ദേഹം മുതിരുന്നത്. പ്രിയന്റെ സിനിമാ മോഹങ്ങളിലും സർഗ്ഗ സങ്കൽപ്പങ്ങളിലും കുടി കൊള്ളുന്നത് മലയാള സിനിമയിലെ വേറിട്ട ഒരു ദൃശ്യാനുഭൂതിയാണ്. അസം സ്കൃതിയിൽ നിന്നുയിർക്കൊണ്ട അമൂർത്ത സൗന്ദര്യത്തിന്റെ പ്രാക്തന ഗന്ധം നൽ കുന്ന ദൃശ്യാനുഭൂതി!

# അന്തകവിത്ത്

**ജോൺ മാത്യു**

മയക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു. ഓലകെട്ടിയ വീടിന്റെ മേൽക്കൂരയിൽ മഴ പെയ്യുന്നതു കേൾക്കാനൊരു സുഖം. കാതോർത്തു കിടന്നു. ഒരു നാടൻ പാട്ടിന്റെ മറന്നുപോയ വരികൾ പാടാൻ നോക്കി, മഴയുടെ താളത്തിനൊത്ത്.

എന്നാണ് മഴ തുടങ്ങിയത്. ഇടയ്ക്കെല്ലാം പെരുമഴയായിരുന്നല്ലോ. ഒന്ന് ശമിക്കും, തുടരും.

എല്ലാം മൂടിക്കെട്ടിക്കിടക്കുന്നു. സമയം അറിയില്ല. ഒന്ന് കൂവിയുണർത്താൻ ഇന്ന് ഒരു കോഴിപോലുമില്ല ഇന്നാട്ടിൽ. നേരം വെളുത്തെന്ന് തോന്നുന്നില്ല.

കമ്പിളി വലിച്ച് ഒന്നു കൂടി മൂടി. ഒരു കുളിർ. നേരം വെളുക്കുമ്പോഴേക്കും മഴ തോർന്നേക്കാം. ഒരേർ കാളയുമായി കണ്ടത്തിലിറങ്ങാമായിരുന്നു. അല്ല മഴ ഇങ്ങനെ തുടർന്നാൽ അതു പറ്റുകയില്ല.

ഓടി വരുന്നതുപോലെ മഴക്ക് ശക്തി കൂടി. ഒരു പേടി. മഴ വീണാലോ. പാഞ്ഞു വരുന്ന മലവെള്ളം തടഞ്ഞു നിർത്താൻ ബലം പോരാത്ത ചിറ. ഒരിക്കൽ പൊട്ടിയാൽ ഇരുപത്തിയഞ്ച് പറ നിലം മണൽപ്പരപ്പായി മാറും.

ഇപ്പോൾ ആർക്കും ഒരു പേടിയുമില്ലാത്തതാണ് അതിശയം. ഇന്ന് കൃഷിയൊക്കെ എല്ലാവർക്കും നിസാരം. കൊച്ചെറുക്കൻ ഉറക്കമായിരിക്കും. അവനെന്താ? അവനുണ്ടാക്കിയ വകയൊന്നുമല്ലല്ലോ. അവനനുഭിക്കാനും ആരുമില്ല. വെള്ളത്തിലും ചെളിയിലും ഇറങ്ങാതെ കരക്കുനിന്ന് മീൻപിടിക്കുവാ. ബാബൂന്റെ മോൻ റോബിയെ കല്യാണം കഴിപ്പിച്ച് ഇവിടെ നിർത്തണം. അമ്മച്ചീം അതാ പറയുന്നേ. ഒരു ബലം വേണ്ടേ. മുന്നോട്ട് നോക്കാനെന്തെങ്കിലും.

അപ്പനും എഴുന്നേൽക്കാൻ മേല. അവന്റെ ഒരു മോനുണ്ട്. അസത്ത്. വാറ്റ്ചാരായം കുടിച്ച് ഉറങ്ങുകയായിരിക്കും. അവന്റേം മോനാണ് ചിലപ്പോൾ കൂട്ടിനിരിക്കുന്നത്.

വലിഞ്ഞു നടന്നതും, പിച്ചവെച്ചതും, കൊച്ചന്നയെ കല്യാണം കഴിച്ചു കൊണ്ടുവന്നതും ഇന്നലെത്തേതുപോലെ. വെള്ള തേക്കാത്ത വെട്ടുകല്ലുകൊണ്ട് കെട്ടിയ ഭിത്തിയുള്ള വീട്. തെങ്ങുകൊണ്ടുള്ള മേൽക്കൂര.

ആരോ പറഞ്ഞുകേട്ടു. ചെറുക്കൻ ഇരുന്നൂറു രൂപാ വാങ്ങിയ കെട്ടിയതെന്ന്. അതൊന്നും മനസിലായില്ല. അപ്പനാരുന്നു തമ്മിലുള്ള കച്ചോടം. നല്ല കൃഷി. നല്ല വെളുപ്പ്.

കൊച്ചെറുക്കൻ ജനിച്ചതിന് ശേഷമാണല്ലോ കൊച്ചന്നയെ എന്തെങ്കിലും വിളിക്കാൻ തുടങ്ങിയത്. അമ്മച്ചീന്ന്. ആദ്യം അവൾക്ക് നാണമായിരുന്നു. പിന്നെ ബാബു ഉണ്ടായപ്പോൾ അമ്മച്ചി സ്ഥാനത്തിന് കൂടുതൽ മതിപ്പ്.

മഴയും, വേനലും, വെള്ളപ്പൊക്കവും, വരൾച്ചയും എല്ലാം ഒരുപോലെയായിരുന്നു. സമൃദ്ധിയും ദാരിദ്ര്യവും ഒപ്പമുണ്ടായിരുന്നു. ഒന്നിന്റെ പിറകേ മറ്റൊന്ന്. ഒന്നില്ലെങ്കിൽ മറ്റൊന്നില്ല. പരിഭവമൊക്കെ പെട്ടെന്നങ്ങ് തീരും. അപ്പൻ കൂട്ടിനുമുണ്ടായിരുന്നു.

എത്രപെട്ടെന്നായിരുന്നു കൊച്ചെറുക്കൻ വളർന്നത്. ഇരുപത് വയസ് തെകഞ്ഞപ്പോൾതന്നെ കല്യാണം കഴിപ്പിച്ചു കൊടുത്തു. ഒരൊഴുക്കുപൊലെയായിരുന്നു ബാബു. വസ്തു പുരയിടങ്ങൾ നോക്കിനടത്താൻ ഒരാൾ മതിയല്ലോ. അതിന് കൊച്ചെറുക്കനുണ്ട്. അവന്റെ പെമ്പിള്ളേമുണ്ട്.

ഏറ്റവും മുന്നിൽ ഒരു രണ്ട് നിലക്കെട്ടിടം ഉയർന്നത് സൗകര്യം ഏറെ വേണ്ടിയിട്ടായുരുന്നില്ല. ബാബുവും ശോശക്കുട്ടിയും അമേരിക്കയിൽ നിന്ന് വരുമ്പോൾ താമസിക്കാൻ.

ഒരിക്കൽ അവർ മടങ്ങിപ്പോയപ്പോൾ ആ മറിയയേ, കൊച്ചെറുക്കന്റെ പെമ്പിള്ള, ആങ്ങളേ കൊച്ചുങ്ങളെ അവിടെക്കൊണ്ടെ താമസിപ്പിച്ചു. അവനോമക്കൾ ഉണ്ടാക്കത്തില്ലാന്നാ പറച്ചില്.

പിന്നെ അമ്മച്ചിക്കു നേർച്ച മുഴുവൻ ശോശക്കുട്ടിക്ക് പിള്ളേരുണ്ടാകാനായി. ഒരു സന്തതിയെങ്കിലും വേണമല്ലോ.

ചാണകം മെഴുകിയ തറയിൽ ചവിട്ടുന്നതാ സുഖം. പിന്നെ മറിയേടെ അങ്ങളേം മക്കളും പാട്ടും കൂത്തും കേൾക്കുകേം വേണ്ട. സ്വന്തം വീടല്ലേ. ഇങ്ങോട്ട് ആരും കേറിവരികേലല്ലോ.

മഴ ഒന്നു ശമിച്ചതുപോലെ. ഇപ്പോൾ ഒന്നും കേൾക്കുന്നില്ല. ചെറിയ കാറ്റുണ്ടെന്ന് തോന്നുന്നു. ഇടയ്ക്ക് പൊടുപൊടാന്ന് വെള്ളത്തുള്ളികൾ അടന്ന് വീഴുന്നു.

രാവിലെ കൊച്ചെറുക്കനോട് പറയണം കാളപൂട്ടണമെന്ന്. പലകിയിട്ട് നിരപ്പാക്കണം. വിത്തിടാൻ പാകമാക്കണം.

അവൻ വിത്തൊന്നും കരുതി വെച്ചില്ല. കുറേക്കാലമായി പറയുന്നു സർക്കാർ തരുമെന്ന്. ഇപ്പം ഓട്ടമാ. നേരത്തിനും കാലത്തിനും എങ്ങും കിട്ടുകേല.

അന്നൊക്കെ പാകത്തിന് ഉണ്ടാക്കിയെടുത്ത വിത്ത് വെള്ളത്തിലിട്ടു വെക്കും. പിന്നീട് ചാക്കിൽ കെട്ടിവെച്ചാൽ മൂന്നാം ദിവസം കുരുത്തിരിക്കും. കാണാൻ എന്തു ചേലായിരുന്നന്നോ.

അവനൊരു ബോധോമില്ല. എല്ലാക്കൊല്ലവും ഇപ്പോഴല്ലേ മഴപെയ്യുക. ഇന്നു ഇന്നലേം തൊടങ്ങിയതല്ലല്ലോ. ഓർമ്മവെച്ചനാൾ മുതൽ, അല്ല, അപ്പന്റെ കാലം മുതൽ, വല്യപ്പന്റെ കാലം മുതൽ, ലോകം ഉണർന്നപ്പം മുതൽ!

നിറഞ്ഞ പച്ചപ്പ്
നെന്മണിക്കുലകൾ
തത്തനം
അപ്പൻ
ചക്കി, കൊയ്ത്ത്, അരിവാൾ, കറ്റ, കാറ്റ്, പൂനിലാവ്

കൊച്ചെറുക്കൻ പറേന്നു അപ്പന്റെ മോനെ വിട്ട് അന്വേഷിപ്പിച്ചെന്ന്. വെറും കയ്യോടെ കേറി വന്നിരിക്കുന്നു.

കൊച്ചെറുക്കന്റെ പെമ്പിള്ളക്ക് എന്തഹങ്കാരമാ. അവളെ ഒരു പാഠം പഠിപ്പിക്കണമെന്ന് അമ്മച്ച് പറേം. ഇക്കണ്ട

വസ്തുവകകളൊക്കെ ആങ്ങളേടെ മക്കൾക്കാണെന്നാ അവളുടെ വിചാരം. അവളുടെ മനസിലിരിപ്പേ.

അതുകൊണ്ടാ അമ്മച്ചി നാല്പതു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചത്. അതു കഴിഞ്ഞപ്പം മൊഖത്തിന് എന്തൊരു തെളക്കമാരുന്നു.

ശോശക്കുട്ടി എഴുതി. റോബീന്നാ പേരിട്ടിരിക്കുന്നതെന്ന്. എന്തായാലും ഒരു സന്തതിയുണ്ടായല്ലോ. ആരാ ഒരിക്കൽ പറഞ്ഞുകേൾപ്പിച്ചത് അവക്ക് കൊച്ചുങ്ങളുണ്ടാകില്ലെന്നും ഒത്തിരി മരുന്നൊക്കെ കഴിച്ചെന്നും. അവനാ കൊഴപ്പമെന്ന് പറേണെന്നും. ഡോക്ടറു പറഞ്ഞെന്നും. ഇപ്പം കണ്ടില്ലെ, അമ്മച്ചീടെ ഉപവാസമാ, അവനെപ്പോലെ തന്നെയാ റോബീന്ന്.

അമേരിക്കേന്ന് വരുന്ന പിള്ളോരുടേ വളർച്ചയേ. ഓരോചാട്ടമാ. പതുക്കെ വളരുകയല്ല. കടുകുപോലത്തമല്ല. എടുപ്പെടുപ്പുകളായി അങ്ങ് കേറിപ്പോവുകാ. ഇപ്പം എത്ര പ്രാവശ്യം റോബിയെ കണ്ടു. നാലോ, അഞ്ചോ, അതോ ആറോ? നിശ്ചയമില്ല.

കൊച്ചെറുക്കനും, അപ്പന്റെ മോനും, വറീച്ചനും പറയുന്നു എന്നും വിത്തിലാണ്. വന്നിട്ടില്ലെന്ന്.

റബറു വെക്കണമെന്നും വെച്ചന്നും പറേന്നു. ഒന്നുമറിയില്ല. ഒന്നും ചെയ്യണ്ടാന്ന്, കയ്യും കെട്ടിയിരുന്നാമതീന്ന്. കണ്ടത്തിലും കുറെ റബറുവെച്ചെന്ന്.

വടീം കുത്തിച്ചെന്ന് കുറെ നെല്ലെടുത്തു ഉണക്കി.

ചക്കി ചിരിയോടെ പറഞ്ഞു. വല്യപ്പച്ചായാ അതൊന്നും കിളിക്കില്ല. ഇവളാരാ പറയാൻ. എന്തൊരു മണ്ടൻ നെല്ലാ. കിളിതേലന്ന്. കൂനക്കാൻമേല്ല. അവടെ തലക്കിട്ടൊന്ന് കൊടുക്കാരുന്നു. ഓതച്ചനെയാ കൃഷി പഠിച്ചതുതന്നെ.

അവളുപറഞ്ഞതു നേരായിരുന്നു. കുരീപ്പിക്കാൻ വെച്ചു. എല്ലാം വീത് കെട്ടിത്തന്നെ കിടന്നു. ഒന്ന് മൊളച്ചിരുന്നേ മലരിടിക്കാമാരുന്ന് അതുവേണ്ട. എന്തോരു വെളമാകുക. ഇന്നിപ്പം ഒരെണ്ണം കിളിക്കുകേല

അപ്പൻ മന്ത്രവാദിയെ കൊണ്ടുവരുമായിരുന്നു.

ഒരു കോഴിപ്പൂവൻ, ചെമ്പരത്തിപ്പൂ, നെല്ല്, തേങ്ങ, പൂങ്കുല, ചാരായം ഇത്രേം മതി. അയാൾ കൊറേ നേരം തുള്ളും. എന്തൊക്കെയോ വിളിച്ചു പറയും. അപ്പന് എന്ത് ഭക്തിയാണെന്നോ. എന്താദരവാന്നോ.

എന്തായാലെന്താ, വേദവിപരീദമായാലെന്താ, പിറ്റേന്ന് നെല്ല് കിളിച്ചു. വെതയ്ക്കുകേം ചെയ്തു.

കഴിഞ്ഞാഴ്ചത്തെ ആഘോഷമേ. അപ്പന്റെ കൊച്ചുമോൻ നേരിൽക്കണ്ടതാ.

വാഷിംഗ്ടണിലെ പ്രസിഡണ്ടിന്റെ കല്പനയായിരുന്നത്രേ ആനപ്രത്ത്. പഞ്ചായത്താഫീസ് മുതൽ ജംഗ്ഷൻ വരെ. എന്തോരം ആളുണ്ടായിരുന്നെന്നോ.

പഞ്ചവാദ്യം, മുത്തുക്കുട, താലപ്പൊലി, നെറ്റിപ്പട്ടം കെട്ടിയ ആന. വൈകുന്നേരം വെടിക്കെട്ടും.

പഞ്ചായത്ത് പ്രസിഡണ്ട് തോമസ് കോര ആനപ്രത്ത് ആളിപ്പിടിയിരിക്കുന്നത് കണ്ട് പിള്ളേരൊക്കെ കൂകി വിളിച്ചെന്ന്. കല്പന ഫ്രെയിം ചെയ്ത് എല്ലാവരും കാണാൻ പൊക്കിപിടിച്ചിരുന്നത്രേ.

കല്പനയോ.

വെതക്കേണ്ട

കൊയ്യേണ്ട

കൊളം കുഴിക്കേണ്ട

കോരേണ്ട

അരിയാതിൽ കെട്ടിവരും. വെള്ളം ഇന്ന് കുപ്പീലാ.

വറീതുമൊതലാളി ചോദിച്ചു.

എന്താ ഓനാച്ചാ ഇപ്പം കാണാം വെതേം ഒന്നുമില്ലേന്ന്

വിത്തില്ലാന്ന് പറേന്നു.

എല്ലാം അന്തക വിത്താ .

എന്നായിരുന്നെന്നോ?

പുതിയ വീടും അമേരിക്കക്കാരുടെ വരവും ഘോഷിക്കാൻ തിരുമേനിയും കൂടി. എല്ലാവർക്കും സന്തോഷം. അമ്മച്ചിക്ക് ഏറെ. പണ്ടൊക്കെ ദൂരെ നിന്നേ തിരുമേനിയെ കണ്ടിട്ടുള്ളൂ. ഇപ്പോൾ നേരെ, സ്വന്തം വീട്ടിൽ, കൊച്ചുമകനെ മടിയിലിരുത്തിക്കൊണ്ട് തിരുമേനി.

അമ്മച്ചി പറഞ്ഞു. ഈ തിരുമേനിയോ വലുതാകുമ്പം നിന്റെ കല്യാണം നടത്തിത്തരുന്നത്. അവൻ പൊട്ടിച്ചിരിച്ചു. തിരുമേനി പോയിക്കഴിഞ്ഞപ്പോൾ തൊപ്പി പിന്നോട്ട് വെച്ചിട്ട് പറഞ്ഞു

തിറുമേനി

അപ്പച്ചാ, അത് പുണ്യാളന്മാരുടെ തൊപ്പിയാ. ന്യൂഓർലിൻസിലെ പുണ്യാളന്മാരുടെ.

മറിയേടെ ആങ്ങളേടെ പിള്ളേരെല്ലാം വളർന്നിരുന്നു. ഇപ്പം പടപടാന്ന് മോട്ടർ സൈക്കിളും പറപ്പിച്ചാണ് വരവ്. ഓർക്കുന്തോറും അമ്മച്ചിക്ക് ദേഷ്യമാണ്. ഒന്ന് കണ്ണടക്കുമ്പം, പാതിരാക്കോ, കോഴി കൂവുമ്പഴോ കേൾക്കാം പടപടപ്പ്, പിന്നെ പാട്ട്, കൂത്ത് എവിടേന്നാ വരുന്നെ.

ഞങ്ങളു ചത്താ ഇതെല്ലാം അവർക്കാണെന്നാ ഭാവം. എല്ലാം റോബിക്കാ. അവനല്ലേ സന്തതി.

മൂന്നുനാലു വർഷം കൂടെ വന്നിട്ട് ഓടിപ്പോകുന്നോർക്ക് ഇവിടന്നാ കാര്യമെന്നാ മറിയേടെ ചോദ്യം. ഒരിക്കൾ അവൾ പറഞ്ഞു അമേരിക്കേപ്പോകുന്നത് ചത്തുപോകുന്നപോലാണെന്ന്. ആർക്കറിയാം? നല്ലോണം ജീവിച്ച് ചാകുന്നതുപോലെ. പിന്നീടിങ്ങോട്ട് വരവില്ലത്രേ. ഇത് ഭൂമിയാ! സ്വർഗ്ഗത്തിന്ന് ആർക്കെങ്കിലും ഭൂമിയിൽ വരാൻ പറ്റോ? മഹാബലി വരുന്നതുപോലെ വന്നോ, പൊക്കോ. വരുമ്പം ഞങ്ങൾ ഒരോണം ഒരുക്കിയേക്കാം. മഹാബലി അതൊന്നും കഴിക്കേല. ഞങ്ങളുടേതൊക്കെ വൃത്തികേടാന്നാ. എന്നാലും ഞങ്ങൾക്ക് കഴിക്കാമല്ലോ.

പണ്ട് മുണ്ടകനും, ചെമ്പനും, ആര്യനുമുണ്ടായിരുന്നപ്പോൾ എന്തു ഭാഗ്യമായിരുന്നു. ഒരിടത്തില്ലെങ്കിൽ മറ്റൊരിടത്തുണ്ട്. ഇന്നങ്ങനല്ല. നടന്നേന്റെ ഫലം കുരുക്കേല.

ഇപ്പം വെതക്കേണ്ടാന്നാ?

നെല്ലുമാത്രമോ? നാളികേരം എന്തുവോളവാരുന്നു. കൊലകൊലയായിട്ടുണ്ടായി. എങ്ങാണ്ടൂന്ന് കൊണ്ട വെച്ച തെങ്ങ്. തെരഞ്ഞെടുത്ത് പാകി. മേടത്തിൽത്തന്നെ. മഴക്ക് മുൻപ്.

എല്ലാം ചീഞ്ഞു.

അതു കണ്ടിട്ട് വറീച്ചൻ പറഞ്ഞു ഒന്നു കിളിക്കേലന്ന്. കിളിക്കാതിരിക്കാൻ വാഷിംഗ്ടമിലെ പ്രിസിഡണ്ടിന്റെ കല്പനയുണ്ടെന്ന്. നാടുനീളെ കല്പന എഴുന്നള്ളിച്ചോണ്ട് നടക്കാന്ന്. അതാ കണ്ടാപ്പിന്നെ ഒന്നും കിളിക്കേല. എവിടെപ്പോയി കുട്ടിചാത്തന്മാർ. അതുങ്ങൾക്കുമിന്ന് ശക്തിയില്ലാ.

കണ്ടോം പറമ്പും ഇല്ലാത്ത ആപ്പീസ് ജോലിക്കാർ പറയുന്നു. എന്തിനീ കൃഷി. സമൃദ്ധിയല്ലിയോ. എന്താ ഒരു കൊറവ്. ചന്തേൽ നിറച്ച് പച്ചക്കറി. പാണ്ടീന്ന് വരുന്നതാന്നാ പറയുന്നെ. കസേരേൽ നല്ലോണം ചാരിയിരുന്നൊന്ന് ഫോൺ ചെയ്യ്. രാവിലെ ഇഡ്ഢലീം സാമ്പാറും ഉച്ചക്ക് ആറുകൂട്ടം കൂട്ടി ശാപ്പാട്. വൈകിട്ട് പൊറോട്ടേം ആട്ടുകറീം.

ഉറങ്ങി

നേരം വെളുത്തു.

പിന്നേം ഇഡ്ഢലി

അതാ നല്ലത്. സേവകൻ ചാത്തും പറയുന്നു. തഹസിൽദാർ ശ്രീധരൻ പിള്ളേം പറയുന്നു. വറീച്ചനും പറയുന്നു കൃഷി ചെയ്താൽ എലിം കിളിം കൊണ്ടുപോകുമെന്ന്.

അമ്മച്ചിക്ക് ഒരു വാശി. റോബിയെ നാട്ടിൽ കൊണ്ടുവന്ന് കല്യാണം കഴിപ്പിക്കണമെന്ന്. വല്യ പഠിത്വമല്ലോ.

കാണാനും കൊള്ളാം. ആറടി

പൊക്കം ഒത്ത വണ്ണം.

നാല് തിരുമേനിമാരും പന്ത്രണ്ട് അച്ചന്മാരും വേണം. ഇരുപത്തിനാല് പ്രമാണിമാരും വേണം.

ശോശക്കുട്ടി മറുപടിയേ എഴുതാറില്ല. വല്യമ്മ നാടാകെ പറഞ്ഞു നടക്കുവാരുന്നു. ചെറുക്കൻ വരുന്നെന്ന്. പെൺവീട്ടുകാരുടെ ഘോഷയാത്ര! എന്നും കാപ്പീം പലഹാരോം ഒരുക്കി.

ചെറുക്കന്റെ പടം കാണണമെന്ന് പറഞ്ഞോർക്കെല്ലാം അമ്മച്ചി പടം കാണിച്ചുകൊടുത്തു. വലത്തെ ചെവിയിൽ കടുക്കൻ. അതാ പരിഷ്ക്കാരമെന്നാ പറയുന്നെ. കഴുത്തേൽ കുരിശുമാല. വലിയ ഭക്തിയാ. തിരുമേനി എടുത്ത് മടിവെച്ച് അനുഗ്രഹിച്ചതല്ലിയോ.

അമ്മച്ചി ഉപവാസോ പ്രാർത്ഥനേം തുടങ്ങിയിരിക്കാ. ഇതിയാന് ഭക്തിയില്ലാഞ്ഞിട്ടാ ഒന്നും നടക്കാത്തതെന്നാ. പ്രാർത്ഥനേമില്ല, പാട്ടുമില്ല, പുസ്തകം വായനേമില്ല. ഇതൊക്കെ ചുമ്മാതാന്നാ വിചാരം.

അമ്മച്ചീടെ നിർബന്ധത്തിനാ മൂന്നുദിവസം ഒന്നും കഴിച്ചില്ല. വെറും വെള്ളം മാത്രം. കുറേ വേദപുസ്തകോം വായിച്ചു. സങ്കീർത്തനം വായിച്ചു. വെളിപാടു പുസ്തകോം വായിച്ചു. ഇതാ അവൻ വരുന്നു. പൊൻകച്ചകെട്ടി. മെത്രാച്ചന്മാരെപ്പോലെ കുപ്പായോമിട്ട്.

അപ്പോൾ അവൻ പറയുന്ന നീ കേൾക്കുന്നത് ആരോടും പറയരുതെന്ന്.

അമ്മച്ചിയോടും പറയരുതെന്ന്. അമ്മച്ചിക്ക് വിഷമമാകുമെന്ന്.

ഇരുപത്തിനാല്മൂപ്പന്മാർ വെള്ളോം കരിമ്പടോം ഇട്ടിരിക്കുന്നു. എല്ലാം ആണും പെണ്ണും. കയ്യിൽ കണ്ണാടി പാത്രങ്ങൾ ചുണ്ടത്ത് വെച്ച് ഇറ്റിറ്റ് കുടിക്കുന്നു.

ശോശക്കുട്ടി പറയുന്നു ചെറുക്കന്റെ കല്യാണം കഴിഞ്ഞെന്ന്.

റോബി ഓർത്തോർത്ത് ചിരിക്കുന്നു. വലത്തെ ചെവിയിൽ കടുക്കനും, കാട്ടുവള്ളിയിൽ കോർച്ച വടിവില്ലാത്ത കുരിശുമിട്ട റോബി ഓർത്തോർത്ത് പൊട്ടിച്ചിരിക്കുന്നു.

പള്ളിയിൽ വെച്ചായിരുന്നു കല്യാണം ബിഷപ്പ് ദി റൈറ്റ് റവ ആൻ ആൻഡേഴ്സനും അവരുടെ ഭർത്താവ് റിബേക്ക മേരി ആനും മംഗളം നേരാൻ എത്തിയിരുന്നത്രേ.

ഇരുപത്തിനാല് ആണും പെണ്ണും ചുറ്റിലും നിന്നു. ഭക്തി നിറഞ്ഞ് പാടുന്നു. ഒരുപോലെ ആടുന്നു. പിന്നെ തിരിഞ്ഞ് മറുവശത്തേക്ക്. എല്ലാവർക്കും ഒരേ കുപ്പായം.

തിരുമേനി എന്ന് മനസിൽ ഓർത്തുകൊണ്ട് റോബി ആൻ ആൻഡേഴ്സനെ യുവർ എക്സലൻസി എന്ന് വിളിക്കുന്നു. റോബിയും കെട്ടിയ പെണ്ണും തിരുമേനിയുടെ ഒപ്പം നിന്ന് പടം പിടിക്കുന്നു.

കല്യാണ ഫോട്ടോ കണ്ടിട്ട് ശോശക്കുട്ടി പറയുകാ.

എങ്ങനെ ഗുണം പിടിക്കാനാ. വല്യപ്പനെന്നും പറഞ്ഞ് ഇരിക്കുന്നയാൾ അന്തകവിത്തല്ലിയോ എന്ന്. ശരിയാ

മോട്ടർ ബൈക്ക്! മറിയേടെ കൂട്ടരായിരിക്കും. എല്ലാം തീനും കുടിയുമാ. ഇപ്പം പെണ്ണുങ്ങളും വരുമത്രേ. ചെറുപ്പക്കാരായാൽ അങ്ങനാണ് അവള്. പത്തുതൊണ്ണൂറുവയസായാൽ ചത്തു കൂടേന്ന്. എന്തിനാ ഇക്കണ്ട വകയൊക്കെ കെട്ടിപ്പിടിച്ചിരിക്കുന്നതെന്ന്. അഹങ്കാരമേ.

അമ്മച്ചീടെ വിചാരം റോബി കെട്ടിയിട്ട് അവനും ഭാര്യേം, പിള്ളേരും കൂടി പറമ്പെല്ലാം നോക്കി നടത്തുമെന്നാ.

അതിനിങ്ങോട്ട് വന്നിട്ടുവേണ്ടേ.

ഇനീം ഇന്നോ നാളെയോ എഴുത്തു വരും. അല്ലെങ്കിൽ അഞ്ചാറു ദിവസം കഴിഞ്ഞ്.

ശോശക്കുട്ടി എഴുതിക്കൊണ്ടിരിക്കയല്ലേ. പ്രിയപ്പെട്ട അമ്മച്ചിക്ക് എന്ന്.

അമേരിക്കക്കാരൻ കിംഗ്ഡിലിയാണ് റോബിയുടെ ഭാര്യ! ഇത്രയും എഴുതിയിട്ട് അത് വെട്ടി.

പകരം കെമൈക്ക രാജ്യത്തു നിന്നുള്ള എന്നേഴുതി. കിംഗ്ഡിലിക്ക് പകരം രാജമ്മ എന്നും എഴുതി.

തനിക്കറിയാൻ മേലാന്നാ വിചാരം. എല്ലാം മനസിലാകുന്നുണ്ട്. അവൻ വെളിപ്പെടുത്തിത്തരുന്നതല്ലേ. എല്ലാം കാണുകാ. രാജനെന്നോ, രാജീവെന്നോ എഴുത്.

കിംഗ്ഡിലിക്ക് ഗർഭമുണ്ടാവില്ലെന്നും പ്രസവിക്കില്ലെന്നും ഇനീം അമ്മച്ചിയോട് ആര് പറയും.

# കുശവന്റെ കലം

**അബ്ദുൾ സമദ്**

**നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ ദീർഘ വീക്ഷണംകൊണ്ടോ മിടുക്കുകൊണ്ടോ അല്ല കേരളത്തിന് എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിൽ അത്. അദ്ധ്വാനികളും സാഹസബുദ്ധി കളുമായ ഇവിടുത്തെ ജനത അമേരിക്കൻ വൻകര മുതൽ ആഫ്രിക്കൻ കൊടുംകാടുകളിലും അറേബ്യൻ മരുഭൂമികളിലും പണിയെടുത്തുണ്ടാക്കിയതാണ്.**

എഴുപതുകളുടെ ആദ്യത്തിൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ, കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ മലബാറിന്റെ തീരപ്രദേശങ്ങളിൽ, ഒരാവേശം ഉരുത്തിരിഞ്ഞു; കത്തിക്കയറി. ചരിത്രത്തിന്റെ വെളിച്ചമേല്ക്കാതെ കിടന്നിരുന്ന ചെറുരാജ്യങ്ങളിൽനിന്ന് മദ്ധ്യപൂർവ്വദേശത്തിലെ ചെറിയ ഉരുക്കളിൽ ഈത്തപ്പഴവും ഒലിവെണ്ണയുമായി കാട്ടറബികൾ (ബദുക്കൾ) അപ്പോഴും മലബാർ തീരത്ത് എത്താറുണ്ടായിരുന്നു. സഹസ്രാബ്ദങ്ങളായി നടന്നിരുന്ന ഒരു സാധാരണവ്യാപാരപ്രക്രിയയായിരുന്നു അത്. യൂറോപ്യന്മാരുടെ മാറിമാറിയുള്ള അധിനിവേശകാലത്തും രാഷ്ട്രീയമോഹങ്ങളില്ലാത്ത പാവം അറബികളുടെ ഈ നാടൻവ്യാപാരം തുടർന്നുവന്നു.

ഈത്തപ്പഴവുമായിവരുന്ന ഈ യാനങ്ങൾ, നാട്ടിൽനിന്നു ശേഖരിച്ച കുരുമുളകും ഇഞ്ചിയും ഉണക്കമീനും ഈദും (അറബികളുടെ പ്രിയപ്പെട്ട ഒരു സുഗന്ധവസ്തു- അത്തർ ഉണ്ടാക്കാനുപയോഗിക്കുന്നു)കയറ്റി തിരിച്ചുപോകും. ദുബായ് തുടങ്ങിയ ഈ ചെറുനാടുകളിൽ പെട്രോളിയത്തിന്റെ തിളക്കം കണ്ടുതുടങ്ങിയ കാലമായപ്പോൾ ഈത്തപ്പഴത്തിന്റെ കൂടെ സ്വർണ്ണത്തിളക്കവും മലബാർ തീരത്തു പ്രത്യക്ഷപ്പെട്ടു. ഈ സ്വർണത്തിളക്കം ഉശിരും സാഹസബുദ്ധിയുമുള്ള, വിദ്യാഭ്യാസവും തൊഴിലവസരങ്ങളും കുറഞ്ഞ മലബാറിലെ ചെറുപ്പക്കാരുടെ കണ്ണുകളിൽ പ്രതിഫലിച്ചു. അവരുടെ തലച്ചോറിൽ പ്രത്യാശയും ഞരമ്പുകളിൽ ആവേശവും ഇരമ്പി. പൗരാണിക യാനപാത്രങ്ങളിലേറി നൂറുകണക്കിനു ചെറുപ്പക്കാർ അപകടം നിറഞ്ഞ യാത്രകൾ ആരംഭിച്ചു. യാത്രാരേഖകളോ ആവശ്യത്തിനു ഭക്ഷണമോ ലക്ഷ്യത്തെക്കുറിച്ചുള്ള എന്തെങ്കിലും മുൻധാരണയോ ഇല്ലാത്ത ഈ സാഹസികയാത്രകൾ രേഖപ്പെടുത്താത്ത അനേകം യാതനകളോടും മരണങ്ങളോടുമൊപ്പം മലയാളത്തിന്റെ സാമ്പത്തികവളർച്ചയുടെ ഹേതുവായിത്തീർന്നു.

**ഏതു രാജ്യത്തും സമൂഹത്തിലും ഏതു വ്യവസ്ഥിതിയിലും ഏറ്റവും പ്രഗൽഭരായവർ നേതൃസ്ഥാനത്തെത്താറില്ല. സ്ഥാനമോഹികളല്ലേ നേതാവാകൂ? ഒരു യഥാർത്ഥപ്രഗത്ഭനു സ്ഥാനമോഹിയാവാനാകുമോ?**

ആദ്യകാലങ്ങളിൽ ഗൾഫുനാടുകളിൽ എത്തപ്പെട്ടവർ തന്റേടവും സാഹസബുദ്ധിയും ആരോഗ്യവും മാത്രം കൈമുതലായുണ്ടായിരുന്ന ഈ മലബാറിലെ ചെറുപ്പക്കാരായിരുന്നു. അറബിക്കടലിനെപ്പോലെ തന്നെ പരുക്കൻ സാഹചര്യങ്ങളുമായി മല്ലടിച്ച് അവരിൽ കുറേപ്പേർ എവിടെയൊക്കെയോ എത്തിപ്പെട്ടു. നാട്ടിലേക്കൊഴുകിയ പണം വലിയ കോൺക്രീറ്റുമേടകളായി മാറിക്കൊണ്ടിരുന്നു. ഒപ്പം പണിയെടുപ്പിച്ച എഞ്ചിനീയറും ഇഷ്ടിക നിർമ്മിച്ച ഇഷ്ടികക്കളക്കാരനും പണിത കല്ലാശാരിയും കുമ്മായംകൂട്ടിയ കുഞ്ഞിരാമനും അവർക്കൊത്ത വീടുവെച്ചു. അരിയും പലവ്യഞ്ജനവും കൃത്യമായി വാങ്ങിച്ചു. കുട്ടികൾക്കു രോഗം വന്നപ്പോൾ ഡോക്ടറെക്കണ്ടു മരുന്നുവാങ്ങി. ഡോക്ടറും വലിയ വീടുവെച്ചു. കുട്ടികൾക്കു വിദ്യാഭ്യാസം കൊടുത്തു. സർക്കാർ സ്കൂളുകളിൽ കുട്ടികളെ അയച്ചും ഉമിക്കരി വേണ്ടെന്നുവെച്ചു പേസ്റ്റ് വാങ്ങി. പ്ലാവിലയ്ക്കുപകരം തുരുമ്പെടുക്കാത്ത കരണ്ടി വാങ്ങി. പാത്രങ്ങൾ വാങ്ങി. നികുതികൊടുത്തു. വീടുണ്ടാക്കാൻ അനുമതിവേണമെന്നു വന്നപ്പോൾ (പണ്ടൊന്നും അങ്ങനെ പതിവില്ല) അനുമതിക്കായി കാത്തുകിടക്കാൻ സമയമില്ലാത്തതിനാൽ ശിപായിയെ സേവപിടിച്ച് ആപ്പീസർക്കു കൈമടക്കി. ശിപായിയും ആപ്പീസറും തങ്ങളുടെ ഗമയ്ക്കനുസരിച്ചു വീടുവെച്ചു. നികുതിപിരിവ് ഊർജിതപ്പെടുത്താനും നിയമനത്തിന്റെ 'സുഖം' ആസ്വദിക്കാനും കൂടുതൽ തസ്തികകൾ വേണമായിരുന്നു. അവരും വീടുവെച്ചു.

അങ്ങനെ വളരെ പതുക്കെ മലബാറിൽ നിന്നു വ്യാപിച്ച ഈ വീടുവെപ്പ് ചരിത്രാതീതകാലംമുതൽ ജാതി-മത-ഭേദമെന്യേ തുടർന്നുവന്ന മലയാളിയുടെ കൂട്ടുകുടുംബവ്യവസ്ഥിതിയെ തകർത്തുതരിപ്പണമാക്കി. കൂട്ടുകുടുംബവ്യവസ്ഥിതിയുടെ തകർച്ച മലയാളിസമൂഹത്തിൽ വരുത്തിയ ആഘാതങ്ങൾ നിരവധിയാണ്. പഠനം സാമൂഹിക-സാമ്പത്തിക- മനഃശാസ്ത്രജ്ഞന്മാർക്കു വിട്ടുകൊടുത്തുകൊണ്ടു നമുക്കു കുശവന്മാരുടെ കാര്യം നോക്കാം.

ഇഷ്ടികക്കളക്കാരനും മീൻപിടുത്തക്കാരനും ഡോക്ടറും എഞ്ചിനീയറും ആപ്പീസറും ശിപായിയും വീടുവെച്ചു ജീവിതം കെട്ടിപ്പടുത്ത രീതി നാം കണ്ടു. കുടിലുകൾ വെട്ടുകല്ലുകൊണ്ടു പണിതതും പിന്നീട് ഓടിട്ടതും കോൺക്രീറ്റു സൗധങ്ങളായതും കണ്ടു. മറിച്ചുള്ള ഒരു ചരിത്രവും രേഖപ്പെടുത്താതെ പോവാൻ പാടില്ലല്ലോ? നിങ്ങൾ കുംബാരകോളനികളിൽ പോയിട്ടുണ്ടോ? ഒരുപക്ഷേ കുടിലുകളിൽ നിന്നും എങ്ങനെ പുറകോട്ടുപോകും എന്നറിയാതുഴറുന്ന മലയാളത്തിലെ ഒരേയൊരു വിഭാഗമാണു കുംബാരന്മാർ അഥവാ കൊശവന്മാർ. അവരുടെ ഉല്പന്നങ്ങൾ, ഗൾഫുകാരനും അയാളുടെ എഞ്ചിനീയർക്കും വേണ്ട. മേസ്തിരിക്കും കുഞ്ഞിരാമനും വേണ്ട. ഉദ്യോഗസ്ഥനും ശിപായിക്കും ആവശ്യമില്ല. പിന്നെ എങ്ങനെ അവനൊരു വീടുവെയ്ക്കും?

മലയാളത്തിന്റെ സാമ്പത്തികശാസ്ത്രപഠനത്തിനൊരു പരീക്ഷണശാലാമാതൃക (Laboratory Model) അവതരിപ്പിക്കാനാണിത്രയും പരാമർശിക്കേണ്ടിവന്നത്. 30 കൊല്ലം മുമ്പത്തെ സാധാരണക്കാർ നിറഞ്ഞ ഗ്രാമങ്ങളിലെ ജീവിതം കുംബാരകോളനികളിൽമാത്രം നിലനില്ക്കുന്നു. കഞ്ഞിവെയ്പ് ഓട്ടക്കലത്തിലാണെങ്കിലും കേരളം സമൃദ്ധമാണ്. ഭരണകർത്താക്കളാൽ ജനങ്ങൾ ഭരിക്കപ്പെടുന്നത് എണ്ണമറ്റ തലങ്ങളിലാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവക്കെല്ലാം മീതെയാണു നമുക്കു ചിരപരിചിതമായ മന്ത്രിതലഭരണം. ഈ വക തലങ്ങൾക്കനുസരിച്ച് ഉദ്യോഗസ്ഥവൃന്ദവുമുണ്ട്. ഓരോ പഞ്ചായത്തിന്റേയും അഥവാ നഗരസഭകളുടെയും വരുമാനവും ചെലവും പരിശോധിച്ചാൽ വ്യക്തവും വിചിത്രവുമായ ചില സത്യങ്ങളിലെത്തിച്ചേരും.

വീട്ടുനികുതി, വില്പനനികുതി, തൊഴിൽനികുതി, വാഹനനികുതി എന്നിങ്ങനെ ദിവസവും വർദ്ധിക്കുന്ന അനേകനികുതികൾ പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത്, വില്പനനികുതി വിഭാഗം തുടങ്ങിയവർ 80%വരെ ശമ്പളമായി ചിലവഴിക്കുന്നു. അതായത്

നികുതിദായകന്റെ അഥവാ സമ്പത്ത് ഉല്പാദിപ്പിക്കുന്നവന്റെ കയ്യിൽനിന്നും പിരിച്ചെടുക്കുന്ന 100 രൂപയിൽ 80 രൂപയും ചിലവഴിക്കുന്നതു ശമ്പളംകൊടുക്കാനാണ്. ഇങ്ങനെ ശമ്പളം വാങ്ങുന്ന അധികാരികൾ എന്തുചെയ്യുന്നു? അവർക്കു ജോലിയുണ്ടാക്കുന്നു. എങ്ങനെ? പൊതുജനങ്ങൾക്ക്, അഥവാ സമ്പത്ത് ഉല്പാദിപ്പിക്കുന്ന സംരംഭകർക്ക് തടസ്സം സൃഷ്ടിച്ചുകൊണ്ട്. വേറൊരു വിധത്തിൽ പറഞ്ഞാൽ നികുതിയായി പിരിക്കുന്നതിന്റെ ഭൂരിഭാഗവും ചിലവഴിക്കപ്പെടുന്നതു തടസ്സങ്ങൾ സൃഷ്ടിക്കാനാണ്. നികുതിപ്പണത്തിൽ 80%ന്റെ കഥ നാം കേട്ടു. ബാക്കി 20% ആണ് നിർമ്മാണപ്രവർത്തനങ്ങൾക്ക്. ഇതിൽ വലിയൊരുശതമാനം കൈക്കൂലിയായി ഉദ്യോഗസ്ഥരിൽതന്നെ എത്തുന്നു. ബാക്കി വരുന്ന പത്തോ പതിനഞ്ചോ ശതമാനം മാത്രമാണ് ഇവിടെ റോഡുകളായും വഴിവിളക്കുകളായും ജനങ്ങൾക്ക് ഉപകാരപ്പെടുന്നത്.

പെട്രോളിനു ലിറ്ററിന് വില 30രൂപ.- ഇതിൽ യഥാർത്ഥവില 13 രൂപ 30 പൈസ. ബാക്കി 16 രൂപ 70പൈസയും കേന്ദ്രസംസ്ഥാന നികുതി. ഇങ്ങനെ സോപ്പിനും ചീപ്പിനും കണ്ണാടിക്കും പൊതുജനം കൊടുക്കുന്ന പണം നികുതിയായി സർക്കാരിൽത്തന്നെ എത്തുന്നു. സർക്കാർ അതിന്റെ സിംഹഭാഗവും ശമ്പളമായി ഉദ്യോഗസ്ഥർക്കു നല്കുന്നു. ഉദ്യോഗസ്ഥർ ശമ്പളവും വാങ്ങി നിർമ്മാണപ്രവർത്തനങ്ങൾക്കായി ചിലവഴിക്കേണ്ട സംഖ്യയിൽനിന്നു കിട്ടാവുന്ന കിമ്പളവും വാങ്ങി പറ്റാവുന്ന വിധത്തിലെല്ലാം നാടിന്റെ പുരോഗതിയെ തടയുന്നു. ഇങ്ങനെ പുരോഗമിച്ച് പുരോഗമിച്ച് ശമ്പളം കൊടുക്കാനുള്ള പണം തികയ്ക്കാൻ, മാറി മാറിവരുന്ന സർക്കാരുകൾ നെട്ടോട്ടമോടുന്നു. വീണ്ടും നികുതികൾ കൂടുന്നു.

ഇങ്ങനെയുള്ള ബഹുവിധ ഭരണസംവിധാനങ്ങൾക്കൊണ്ടു തൃപ്തിവരാതെ വേറെയും ഭരണതന്ത്രങ്ങൾ മാറിമാറിവരുന്ന സർക്കാരുകൾ നടപ്പിലാക്കാറുണ്ട്. കശുവണ്ടികോർപ്പറേഷൻ മുതൽ അടയ്ക്കാ കോർപ്പറേഷൻവരെ. കർഷക ക്ഷേമനിധിമുതൽ ചൂലുനിർമ്മാണക്ഷേമനിധികൾവരെ. ഇവയിലെല്ലാം സ്വന്തക്കാരെ നിയമിക്കാൻ സാധ്യതകളേറെ. പണം പിരിവിനും അനന്തസാധ്യതകൾ. ഒരു സാധാരണവ്യാപാരി സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെയും സമീപിക്കേണ്ട ഉദ്യോഗസ്ഥരുടെയും നീണ്ട ലിസ്റ്റു കണ്ടാൽ സ്വതന്ത്രലോകത്തെ വ്യാപാരികൾ ഞെട്ടിപ്പോകും. വില്പന നികുതി, വരുമാനനികുതി, തൊഴിൽവകുപ്പ്, തൊഴിലാളിക്ഷേമനിധി, തൊഴിലാളി ക്ഷേമഇൻഷ്വറൻസ്, അളവ്തൂക്കവകുപ്പ്, പൊതുവിതരണവകുപ്പ്, .... ഒരു ഉല്പാദനശാല നടത്തുന്നയാളാണെങ്കിൽ, ലിസ്റ്റ് ഇവിടെ അവസാനിക്കില്ല.

ഇങ്ങനെയെല്ലാം വളർന്നുകൊണ്ടിരിക്കുകയാണു നമ്മുടെ കേരളം. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി. അതോടൊപ്പം മറ്റൊരുകാര്യം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഗൾഫുനാടുകളിലുള്ള മലയാളികളുടെ എണ്ണം കുറഞ്ഞുകുറഞ്ഞു വരുന്നു. അവരുടെ വരുമാനവും കേരളത്തിലേക്കുള്ള പണമൊഴുക്കിന്റെ തോതും കുറയുന്നു. ഇടക്കാലത്ത് കറ കുറെ മറിമായങ്ങൾ കാണിച്ചെങ്കിലും ആശ്രയിക്കാവുന്ന ഒരു വരുമാനസ്രോതസ്സായി അതു മാറിയിട്ടില്ല.

കാർഷികവിളകളുടെയും വ്യവസായത്തിന്റെയും കാര്യങ്ങൾ നാം മനസ്സിലാക്കിക്കഴിഞ്ഞു. കേരളത്തിലേക്കൊഴുകിയെത്തിക്കൊണ്ടിരിക്കുന്ന ഈ സ്രോതസ്സു കൂടി വറ്റിയാൽ- നമുക്കു മറ്റൊരു സിലോണും മലേഷ്യയും പ്രതീക്ഷിക്കാമോ? ഇല്ലെങ്കിൽ മറ്റെന്താണു വഴി ?

ഏതു രാജ്യത്തും സമൂഹത്തിലും ഏതു വ്യവസ്ഥിതിയിലും ഏറ്റവും പ്രഗൽഭരായവർ നേതൃസ്ഥാനത്തെത്താറില്ല. സ്ഥാനമോഹികളല്ലേ നേതാവാകൂ? ഒരു യഥാർത്ഥപ്രഗത്ഭനു സ്ഥാനമോഹിയാവാനാകുമോ? സമൂഹത്തിലെ ഏറ്റവും മോശക്കാരും നേതൃനിരയിലെത്താറില്ല പക്ഷേ കേരളത്തിലെ- ഇന്ത്യയിലെ അവസ്ഥ വ്യത്യസ്തമാണ്. സ്കൂളിലെ പിൻബെഞ്ചിലിരുന്നവരും സ്ഥിരം ശല്യക്കാരുമാണു രാഷ്ട്രീയത്തിൽ വരുന്നത്. അവരാണു നേതാവാകുന്നത്. മികച്ച അണികൾ സൃഷ്ടിക്കുന്ന സമ്പത്ത് എന്തുചെയ്യണമെന്നു തീരുമാനിക്കുന്നവർ ഈ പുറംബെഞ്ചുകാരാണ്. നമ്മുടെ ദുർവ്വിധി. ഈ പുറംബെഞ്ചുകാർ നടപ്പിലാക്കുന്ന ജനാധിപത്യം രസകരമാണ്.

നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ ദീർഘവീക്ഷണം കൊണ്ടോ മിടുക്കുകൊണ്ടോ അല്ല കേരളത്തിന് എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിൽ അത്. അദ്ധ്വാനികളും സാഹസബുദ്ധികളുമായ ഇവിടുത്തെ ജനത അമേരിക്കൻ വൻകര മുതൽ ആഫ്രിക്കൻ കൊടുംകാടുകളിലും അറേബ്യൻ മരുഭൂമികളിലും പണിയെടുത്തുണ്ടാക്കിയതാണ്. അങ്ങനെ ഇവിടേക്കൊഴുകിയ സമ്പത്തിന്റെ ഒരു ചെറുഭാഗംപോലും ഇവിടുത്തെ മണ്ണിനെ പരിപോഷിപ്പിക്കുവാനോ, വ്യവസായത്തെ ഊട്ടിയുറപ്പിക്കുവാനോ പ്രാപ്തമാക്കാൻ ഭരണനേതൃത്വത്തിന് - ഉദ്യോഗസ്ഥനു കഴിഞ്ഞിട്ടില്ല. സർക്കാരായിട്ടു നടത്തിയ വൈദ്യുതി-ഗതാഗത-വ്യവസായങ്ങളൊക്കെ നാട്ടുകാരെ കൊള്ളയടിക്കുന്നതിലും അലസത പ്രചരിപ്പിക്കുന്നതിലും ഖജനാവു കാലിയാക്കുന്നതിലും മാത്രമേ ഉപകരിച്ചുള്ളൂ. കാർഷിക സർവ്വകലാശാലയടക്കമുള്ള ബൗദ്ധികകേന്ദ്രങ്ങൾ ബുദ്ദൂസുകളുടെ കേന്ദ്രമാവുകയും ചെയ്തു. വ്യവസായ വികസനകേന്ദ്രങ്ങൾ, നഗരവികസനശക്തികേന്ദ്രങ്ങൾ തുടങ്ങിയവ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വിപരീതമായി പ്രവർത്തിച്ചു വ്യവസായികളെ തളർത്തുകയും വികസനം തടയുകയും ചെയ്തു. ഇതിനേക്കാളൊക്കെ ക്രൂരമായ കൃത്യം, ഈ മനോഹരഭൂമി, ഈ വാഗ്ദത്തഭൂമി സഞ്ചാരിക്കും, സംരംഭകനും സുരക്ഷിതമല്ല എന്ന തോന്നൽ ഇവരെല്ലാം കൂടി വരുത്തിവെച്ചു എന്നതാണ്.

**വ്യവസായ വികസനകേന്ദ്രങ്ങൾ, നഗരവികസനശക്തികേന്ദ്രങ്ങൾ തുടങ്ങിയവ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വിപരീതമായി പ്രവർത്തിച്ചു വ്യവസായികളെ തളർത്തുകയും വികസനം തടയുകയും ചെയ്തു. ഇതിനേക്കാളൊക്കെ ക്രൂരമായ കൃത്യം, ഈ മനോഹരഭൂമി, ഈ വാഗ്ദത്തഭൂമി സഞ്ചാരിക്കും, സംരംഭകനും സുരക്ഷിതമല്ല എന്ന തോന്നൽ ഇവരെല്ലാം കൂടി വരുത്തിവെച്ചു എന്നതാണ്. എന്നിട്ടും സമാശ്വസിക്കാൻ വകകൾ നമുക്കേറെയുണ്ട്. പ്രകൃതി അളവില്ലാതെ കോരിച്ചൊരിഞ്ഞ ഈ സൗന്ദര്യം. ചരിത്രം പിശുക്കില്ലാതെ നല്കിയ സഹിഷ്ണുത. കറുത്ത ജൂതനേയും വെളുത്ത ജൂതനേയും ഫൊണീഷ്യനേയും ക്രിസ്ത്യാനിയേയും മുസൽമാനേയും ഒരേപോലെ സ്വീകരിച്ച മഹാമനസ്കത, സുഗന്ധദ്രവ്യങ്ങളുടെ മാസ്മരികത.**

